2024 DECEMBER
13
FRIDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY

e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പ് ബില്ലിന് കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരം

**ന്യൂഡൽഹി:** രാജ്യത്ത് ലോക്സഭ, നിയമസഭ, തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പുകൾ ഒരുമിച്ച് നടത്താനുള്ള 'ഒരു രാജ്യം, ഒരു തെരഞ്ഞെടുപ്പ്' ബില്ലിന് കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരം. ബില്ലുകൾ വെള്ളിയാഴ്ച ലോക്സഭയിൽ അവതരിപ്പിച്ചേക്കും.നിലവിലുള്ള തെരഞ്ഞെടുപ്പ് നിയമങ്ങളിലെല്ലാം ഭേദഗതി വരുത്തിക്കൊണ്ടുള്ള സമഗ്രമായ ഒറ്റ നിയമം ശിപാർശ ചെയ്യുന്ന ബില്ലാകും അവതരിപ്പിക്കുക. 2029 ഓടെ രാജ്യത്ത് നിയമസഭ, പാർലമെൻറ് തെരഞ്ഞെടുപ്പുകൾ ഒറ്റത്തവണയാക്കാനാണ് ബില്ലിൽ ലക്ഷ്യമിടുന്നത്.




ഒരു രാജ്യം, ഒരു തെരഞ്ഞെടുപ്പ്' സംവിധാനത്തെക്കുറിച്ച് പഠിക്കാൻ മുൻ രാഷ്ട്രപതി രാംനാഥ് കോവിന്ദിൻറെ നേതൃത്വത്തിലുള്ള സമിതിയെ രണ്ടാം മോദി സർക്കാരിൻറെ കാലത്ത് ചുമതലപ്പെടുത്തിയിരുന്നു. അടിക്കടി തെരഞ്ഞെടുപ്പു വരുന്നത് രാജ്യപുരോഗതിക്ക് വിഘാതമാകുന്നുവെന്ന് കഴിഞ്ഞ സ്വാതന്ത്ര്യ ദിനത്തിൽ ചെങ്കോട്ടയിൽ നടത്തിയ പ്രസംഗത്തിലും പ്രധാനമന്ത്രി വ്യക്തമാക്കിയിരുന്നു.ആദ്യഘട്ടമെന്ന നിലയിൽ ലോക്സഭയിലേക്കും നിയമസഭകളിലേക്കുമുള്ള തെരഞ്ഞെടുപ്പുകൾ ഒരുമിച്ചു നടത്തും. തുടർന്ന് നൂറു ദിവസത്തിനുള്ളിൽ തദ്ദേശസ്ഥാപനങ്ങളെ ഏകോപിപ്പിച്ച് ഒറ്റയടിക്ക് തെരഞ്ഞെടുപ്പ് നടത്തും. ഈകാര്യങ്ങൾ നിർദേശിച്ച് സമിതി കഴിഞ്ഞ മാർച്ചിൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. സമിതിയുടെ റിപ്പോർട്ട് മന്ത്രിസഭ അംഗീകരിക്കുകയും ചെയ്തിരുന്നു.

# 18 ശതമാനം പിഴപ്പലിശ, പെൻഷൻ റദ്ദ് ചെയ്യും



**തിരുവനന്തപുരം:** സാമൂഹ്യ സുരക്ഷാ പെൻഷൻ പട്ടികയിൽ അനധികൃമായി ഇടം നേടി വൻ തുക തട്ടിയെടുത്ത സർക്കാർ ഉദ്യോഗസ്ഥരിൽ നിന്നും പണം തിരികെ പിടിക്കാൻ ഉത്തരവ് പുറത്തിറക്കി സർക്കാർ. കബളിപ്പിക്കലിലൂടെ അനർഹമായി തട്ടിയെടുത്ത തുക 18 ശതമാനം പിഴ പലിശയടക്കം തിരികെ ഈടാക്കുന്നതിനു ധനവകുപ്പാണ് ഉത്തരവിറക്കിയത്. വ്യാജ രേഖകൾ ചമച്ച ഉദ്യോഗസ്ഥരുടെ പെൻഷൻ റദ്ദ് ചെയ്ത് അനർഹമായി കൈപ്പറ്റിയ തുക 18 ശതമാനം പിഴപ്പലിശ സഹിതം തിരികെ ഈടാക്കും. ധനകാര്യ അഡിഷനൽ ചീഫ് സെക്രട്ടറി ഡോ.എ. ജയതിലകാണ് ഉത്തരവ് പുറത്തിറക്കിയിരിക്കുന്നത്.

അനർഹരായ വ്യക്തികൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ലഭിക്കുന്നതിനു സഹായകരമായ രീതിയിൽ അന്വേഷണവും പരിശോധനയും നടത്തിയ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടിയെടുക്കും. ഇതിനു പഞ്ചായത്ത് ഡയറ്കടർ, നഗരകാര്യ ഡയറക്ടർ എന്നിവരെ ചുമതലപ്പെടുത്തും. സമൂഹത്തിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് ഒരു കൈത്താങ്ങ് എന്ന നിലയിൽ അനുവദിക്കുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ അർഹതപ്പെട്ടവർക്ക് ലഭിക്കുന്നു എന്ന് ഉറപ്പാക്കുന്നതോടൊപ്പം അനർഹർ കൈക്കലാക്കുന്നത് തടയേണ്ടതും സർക്കാരിൻറെ സാമ്പത്തിക ഭദ്രതയ്ക്ക് അനിവാര്യതയാണെന്നും ഉത്തരവിൽ പറയുന്നുണ്ട്.

# ഗുകേഷ് ലോക ചെസ് ചാമ്പ്യൻ



**സിംഗപ്പൂർ:** ഡിംഗ് ലിറിനെ വീഴ്ത്തി ഇന്ത്യയുടെ ഡി.ഗുകേഷ് ലോക ചെസ് ചാമ്പ്യനായി. വാശിയേറിയ 14ാം ഗെയിമിൽ ചൈനീസ് താരത്തെ അട്ടിമറിച്ചാണ് ഗുകേഷ് കിരീടമുറപ്പിച്ചത്. കളിയിൽ ലിറിനു സംഭവിച്ച പിഴവു മുതലെടുത്താണു ഗുകേഷ് തകർപ്പൻ ജയം സ്വന്തമാക്കിയത്.

ലോക ചെസ് ചാമ്പ്യനാകുന്ന പ്രായം കുറഞ്ഞ താരമാണ് പതിനെട്ടുകാരനായ ഗുകേഷ്. ചെസ് ഇതിഹാസം ഗാരി കാസ്പറോവിൻറെ 22ാം വയസിലെ (1985) ലോകകിരീട നേട്ടത്തെയാണ് ഗുകേഷ് മറികടന്നത്. ആകെയുള്ള 14 ഗെയിമുകളിൽ നിന്ന് മൂന്ന് ജയം ഉൾപ്പടെയാണ് ഗുകേഷ് 7.5 പോയിൻറ് സ്വന്തമാക്കിയത്.

പതിമൂന്ന് ഗെയിമുകൾ പൂർത്തിയായപ്പോൾ 6.5 പോയിൻറ് വീതമായിരുന്നു ഇരുവർക്കും. വിശ്വനാഥൻ ആനന്ദിന് ശേഷം ചെസിൽ ലോകചാമ്പ്യനാകുന്ന ആദ്യ ഇന്ത്യക്കാരനാണ് ഗുകേഷ്. നിലവിലെ ലോകചാമ്പ്യനെയാണ് ഇന്ത്യൻ താരം അട്ടിമറിച്ചത്.

# സംസ്ഥാനത്ത് ശക്തമായ മഴയും കാറ്റും തുടരും

**തിരുവനന്തപുരം:** ബംഗാൾ ഉൾക്കടലിൽ രൂപപ്പെട്ട ന്യൂനമർദം തെക്കൻ തമിഴ്നാട് തീരത്തേക്ക് നീങ്ങുന്നതിനാൽ വെള്ളിയാഴ്ചയും സംസ്ഥാനത്തെ ഒറ്റപ്പെട്ടയിടങ്ങളിൽ ശക്തമായ മഴയും കാറ്റും തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പിൻറെ മുന്നറിയിപ്പ്.

നിലവിലുള്ള കാലാവസ്ഥാ വിലയിരുത്തൽ കണക്കിലെടുത്ത് തെക്കൻ കേരളത്തിലെ മൂന്ന് ജില്ലകളിൽ ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. മണിക്കൂറിൽ 204 മില്ലീ മീറ്ററിലധികം ലഭിക്കുന്ന അതിശക്തമായ മഴയാണ് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ജില്ലകളിൽ പ്രവചിക്കപ്പെട്ടിരിക്കുന്നത്. മഴക്കെടുതികൾ കണക്കിലെടുത്ത് വേണ്ട മുന്നൊരുക്കങ്ങൾ നടത്താൻ റവന്യൂ വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.ഇത് കൂടാതെ, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിൽ സാധാരണ മഴയ്ക്കുള്ള യെല്ലോ അലർട്ടും പ്രഖ്യാപിച്ചിട്ടുണ്ട്. വെള്ളിയാഴ്ച കേരള ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് പോകാൻ പാടില്ലെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.



# തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സാമ്പത്തിക വികസനത്തിന്റെ എൻജിനാക്കുക ലക്ഷ്യം: മന്ത്രി

**തിരുവനന്തപുരം:** കാർഷികമേഖലയിലെ പശ്ചാത്തല സൗകര്യ വികസനത്തിനപ്പുറം സംരംഭകത്വത്തിൻറെ, ചെറുകിട, ഇടത്തരം വ്യവസായങ്ങളുടെ മേഖലയിൽ ഇടപെട്ടുകൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സാമ്പത്തിക വികസനത്തിൻറെ എൻജിനാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാന സർക്കാർ മുന്നോട്ടു പോകുന്നതെന്നു മന്ത്രി എം. ബി. രാജേഷ്. സംരംഭകസഭകളുടെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ചു പ്രസംഗിക്കുകയായിരുന്നു എം.ബി. രാജേഷ്.

വ്യവസായ വകുപ്പിൻറെ സംരംഭക വർഷം പദ്ധതിയിൽ സഹകരിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നല്ല നിലയിൽ മുന്നോട്ടുവന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പ്രാദേശികമായുള്ള സംരംഭങ്ങൾ, തൊഴിലവസരങ്ങൾ, വരുമാന വർധനവ് ഒക്കെയാണ് സംസ്ഥാന സർക്കാർ ലക്ഷ്യമിടുന്നതെന്നു മന്ത്രി പറഞ്ഞു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇനി സാധാരണ ചെയ്യുന്ന പ്രവർത്തനങ്ങൾ മാത്രം നിർവഹിച്ചാൽ പോരെന്നും തൊഴിൽ, വരുമാനം, കൂടാതെ സാമ്പത്തിക വളർച്ചയുടെയും എൻജിനുകളായി തദ്ദേശ്യ സ്വയംഭരണ സ്ഥാപനങ്ങൾ പ്രവർത്തിക്കണം എന്നതുമാണ് സർക്കാറിൻറെ കാഴ്ച്ചപ്പാട്. വ്യവസായ വകുപ്പും, സഹകരണ വകുപ്പും, തദ്ദേശ സ്വയംഭരണ വകുപ്പും കൂട്ടായി പ്രവർത്തിച്ചുകൊണ്ട് ഈ അവസരം പ്രയോജനപ്പെടുത്താൻ കഴിയണമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

സംരംഭകത്വത്തിൻറെ കാര്യത്തിൽ കേരളത്തിലുണ്ടായിട്ടുള്ള ഗുണകരമായ അന്തരീക്ഷം മുന്നോട്ടു കൊണ്ടുപോകാൻ സംരംഭകസഭ സഹായകരമായിത്തീരുമെന്നു പ്രതീക്ഷിക്കുന്നതായും മന്ത്രി പറഞ്ഞു.

അധികാര വികേന്ദ്രീകരണത്തിൻറെ തുടർച്ചയിൽ വ്യവസായ മേഖലയിൽ കേരളം ഇന്ത്യയ്ക്ക് നൽകുന്ന ഒരു പുതിയ മാതൃകയാണ് സംരംഭക സഭയെന്നു ചടങ്ങിൽ അധ്യക്ഷത വഹിച്ച മന്ത്രി പി. രാജീവ് പറഞ്ഞു. ഇത് ഒരു ജനകീയ മുന്നേറ്റമാണെന്നും പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപറേഷനുകളിലും ചെറുകിട സംരംഭങ്ങൾക്ക് സംരംഭക സഭ വളരെ സഹായകമാകുമെന്നും മന്ത്രി പി. രാജീവ് പറഞ്ഞു.

സംരംഭകവർഷം പദ്ധതിയുടെ തുടർപ്രവർത്തനങ്ങളുടെ ഭാഗമായാണ് തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സംരംഭകസഭകൾ സംഘടിപ്പിക്കുന്നത്. തദ്ദേശതലത്തിലുള്ള സംരംഭകരുടെ പ്രശ്നങ്ങൾ കേൾക്കാനും അവയ്ക്ക് പരിഹാരങ്ങൾ നിർദേശിക്കാനും വ്യവസായ വകുപ്പിൻറെയും മറ്റു വകുപ്പുകളുടെയും സംരംഭകത്വ പ്രോത്സാഹനപദ്ധതികളും സേവനങ്ങളും പരിചയപ്പെടുത്താനും സംരംഭകസഭ ഉപയോഗിക്കും. ഐ.ബി. സതീഷ് എംഎൽഎ, വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എ.പി. എം. മുഹമ്മദ് ഹനീഷ്, കേരള ഫയർ ആൻഡ് റെസ്ക്യൂ സർവീസ് ഡയറക്ടർ ജനറൽ കെ. പത്മകുമാർ, വ്യവസായ വാണിജ്യ ഡയറക്ടർ മീർ മുഹമ്മദ് അലി, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചെയർപേഴ്സൺ എസ്. ശ്രീകല, ഡോ. ജെ. ഹരീന്ദ്രൻ നായർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

# വനനിയമ ഭേദഗതി ബിൽ അംഗീകരിക്കില്ല: കെസിബിസി ജാഗ്രത കമ്മീഷൻ

**കൊച്ചി;** വനനിയമ ഭേദഗതി ബിൽ അംഗീകരിക്കാനാവാവില്ലെന്ന് കെസിബിസി ജാഗ്രത കമ്മീഷൻ.1961ൽ പ്രാബല്യത്തിൽ വരികയും പലപ്പോഴായി പരിഷ്കരിക്കപ്പെടുകയും ചെയ്ത കേരള ഫോറസ്റ്റ് ആക്ട് വീണ്ടും പരിഷ്കരിക്കുന്നതിനായുള്ള കരട് വിജ്ഞാപനം വനം വകുപ്പ് പ്രസിദ്ധപ്പെടുത്തിയിരിക്കുകയാണ്. ഇതുവരെ ഉണ്ടായിട്ടുള്ളതിൽ വച്ച് ഗൗരവമേറിയതും പ്രധാനപ്പെട്ടതുമായ ചില മാറ്റങ്ങൾ ഉൾക്കൊള്ളുന്നതാണ് പുതിയ ബിൽ. വനനിയമം ജനദ്രോഹപരമെന്ന പരാതികൾ നിരന്തരം ഉയർന്നുകൊണ്ടിരിക്കുന്നതും ജനപക്ഷത്തുനിന്നുള്ള പരിഷ്കരണങ്ങൾക്ക് ആവശ്യങ്ങൾ ഉന്നയിക്കപ്പെട്ടുകൊണ്ടിരിക്കുന്നതുമായ ഈ കാലഘട്ടത്തിൽ ആശങ്കാജനകമായ മാറ്റങ്ങളാണ് പുതിയ ബില്ലിൽ ഉൾപ്പെടുത്തപ്പെട്ടിട്ടുള്ളത്.

പിഴ തുകയുടെ വൻ വർദ്ധനവ്, ബീറ്റ് ഫോറസ്റ്റ് ഓഫീസർക്ക് നൽകിയിരിക്കുന്ന പരിധിവിട്ട അധികാരങ്ങൾ, മൽസ്യ ബന്ധനം, പാഴ് വസ്തുക്കൾ വനപ്രദേശത്തോ വനത്തിലേക്ക് ഒഴുകിയെത്തുന്ന പുഴയിലോ എത്തിപ്പെടുന്നത് ശിക്ഷാർഹമാക്കിയിരിക്കുന്നത് തുടങ്ങിയ പരിഷ്കരണങ്ങൾ വനാതിർത്തികളിൽ ജീവിക്കുന്ന സാധാരണക്കാർക്ക് വലിയ വെല്ലുവിളിയുയർത്തുന്നവയാണ്. വനനിയമം കൂടുതൽ ജനദ്രോഹപരവും ദുരുപയോഗ സാധ്യതകൾ വർധിക്കുന്ന വിധത്തിലും ആയി മാറുന്നത് അംഗീകരിക്കാനാവുന്നതല്ല. സംശയത്തിന്റെ പേരിലോ, തെറ്റിധാരണകളുടെ പേരിലോ അനേകം നിരപരാധികൾ ശിക്ഷിക്കപ്പെടാൻ ഇത്തരം കരിനിയമങ്ങൾ കാരണമാകും. വനപാലകർക്ക് കൂടുതൽ അധികാരങ്ങളും കൂടുതൽ ദുരുപയോഗ സാധ്യതകളും നൽകുന്ന ഈ നിയമപരിഷ്കരണം പ്രതിഷേധാർഹവും പിൻവലിക്കപ്പെടേണ്ടതുമാണ്.

വനം സംരക്ഷിക്കപ്പെടണമെന്ന കാര്യത്തിൽ ആർക്കും തർക്കമില്ല. എന്നാൽ, വന്യജീവിശല്യം നാൾക്കുനാൾ വർധിച്ചുവരുന്ന ഇന്നത്തെ സാഹചര്യത്തിൽ അത് ഫലപ്രദമായി നിയന്ത്രിക്കുന്നതിനും നിയമങ്ങൾ ജനജീവിതത്തിന് തടസമാകാതിരിക്കുന്നതിനും ആവശ്യമായ പരിഷ്കരണങ്ങൾക്കാണ് വനംവകുപ്പ് ഈ ഘട്ടത്തിൽ തയ്യാറാകേണ്ടത്.

വന്യമൃഗങ്ങളെ വനത്തിന്റെ പരിധിയിൽ നിലനിർത്താൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നിർബ്ബന്ധിതരാകുന്ന വിധത്തിലുള്ള വകുപ്പുകൾ വന നിയമത്തിൽ കൂട്ടിച്ചേർക്കപ്പെടണം. തങ്ങളുടെ പരിധിയിലുള്ള വനത്തിൽ നിന്ന് വന്യമൃഗങ്ങൾ ജനവാസമേഖലയിലേയ്ക്ക് പ്രവേശിക്കുന്ന പക്ഷം ഉദ്യോഗസ്ഥർക്ക് അക്കാര്യത്തിലുള്ള ചുമതല ഉറപ്പാക്കപ്പെടേണ്ടതുണ്ട്. അത്തരം സംഭവങ്ങൾ ഉദ്യോഗസ്ഥരുടെ വീഴ്ചയായി പരിഗണിക്കപ്പെടണം.

കൂടാതെ പ്രദേശത്തിന്റെ അത്യാവശ്യ വികസനം പോലും തടസപ്പെടുത്തുന്ന നിലവിലുള്ള നിയമങ്ങൾക്ക് ജനോപകാരപ്രദമായ പരിഷ്കരണങ്ങൾ വരുത്താനും സർക്കാർ തയ്യാറാകണമെന്നും കെസിബിസി ജാഗ്രത കമ്മീഷൻ ആവശ്യപ്പെട്ടു.

# ആർഇഐസി ആന്റ് ഓട്ടിസം സെന്റർ: നവീകരിച്ച കെട്ടിടം ഇന്ന് ഉദ്ഘാടനം ചെയ്യും

**ആലപ്പുഴ:** മെഡിക്കൽ കോളേജ് ആശുപത്രിയിലെ റീജിയണൽ ഏർളി ഇന്റർവെൻഷൻ സെന്റർ ആന്റ് ഓട്ടിസം സെന്ററിന്റെ നവീകരിച്ച കെട്ടിടത്തിന്റെ ഉദ്ഘാടനം വെള്ളിയാഴ്ച രാവിലെ 10 മണിക്ക് മന്ത്രി ആർ ബിന്ദു നിർവഹിക്കും. മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഗ്യാലറി ടൈപ്പ് ലെക്ച്ചർ ഹാളിൽ നടക്കുന്ന പരിപാടിയിൽ എച്ച് സലാം എംഎൽഎ അധ്യക്ഷത വഹിക്കും. കെ സി വേണുഗോപാൽ എം പി മുഖ്യാതിഥിയാവും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ ജി രാജേശ്വരി, ജില്ലാ കളക്ടർ അലക്സ് വർഗീസ് എന്നിവർ സംസാരിക്കും. കുട്ടികളിലെയും കൗമാരപ്രായക്കാരിലെയും മാനസികവും ശാരീരികവുമായ വളർച്ചയിലെ പരിമിതികൾ നേരത്തെ കണ്ടെത്തി പ്രാരംഭ ഇടപെടലുകൾ നടത്താൻ കേരള സാമൂഹ്യസുരക്ഷാ മിഷൻ സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടുകൂടി സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ അനുയാത്ര പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന പദ്ധതിയാണ് ആർഇഐസി ആന്റ് ഓട്ടിസം സെന്റർ.

# കൊല്ലം പോർട്ടിൽ എണ്ണക്കിണർ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പരിശോധന: പ്രതിനിധി സംഘം സന്ദർശിച്ചു

**കൊല്ലം:** ആഴക്കടൽ എണ്ണ പര്യവേഷണം; പ്രതിനിധി സംഘം കൊല്ലം തുറമുഖം സന്ദർശിച്ചു. ഇന്ധന പര്യവേഷണവുമായി ബന്ധപ്പെട്ടു കൊല്ലം പോർട്ടിൽ എണ്ണക്കിണർ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പരിശോധന നടത്തുന്നതിനാണ് ആര്യ ഓഫ്ഷോർ കമ്പനി റീജനൽ ഹെഡ് (ഈസ്റ്റ്) മുഹമ്മദ് യാക്കൂബ്, ലൊക്കേഷൻ മാനേജർ പി.ബി.കൃഷ്ണകുമാർ, മാനേജർ (പോർട്ട് ഓപ്പറേഷൻ) കെ.അനൂപ് കൃഷ്ണൻ എന്നിവരടങ്ങിയ സംഘമാണ് തുറമുഖം സന്ദർശിച്ചത്. 2025 ഓഗസ്റ്റിൽ റിഗുകളും കപ്പലുകളും എത്തിച്ച് ആഴക്കടലിൽ എണ്ണക്കിണർ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം ആരംഭിക്കുമെന്ന് കമ്പനി അധികൃതർ പറഞ്ഞു.

തുറമുഖ ഓഫിസറുടെ അധിക ചുമതലയുള്ള ക്യാപ്റ്റൻ പി.കെ.അരുൺകുമാർ, ആർ.സുനിൽ, അലക്സ് ജി.ജോർജ് എന്നിവർ തുറമുഖത്തിന്റെ പ്രവർത്തനങ്ങൾ വിശദീകരിച്ചു. ഇന്ധനവാതക സാധ്യത പ്രതീക്ഷിച്ചാണു പര്യവേഷണം തുടങ്ങുന്നത്. യുകെ ആസ്ഥാനമായ കമ്പനിയുമായി 1287 കോടി രൂപയുടെ കരാർ ആണ് പെട്രോളിയം മന്ത്രാലയം ഒപ്പിട്ടിരിക്കുന്നത്. ഇവരിൽ നിന്ന് എണ്ണക്കിണർ സ്ഥാപിക്കാനുള്ള ഉപകരാറാണ് ആര്യ ഓഫ്ഷോർ കമ്പനി എടുത്തിരിക്കുന്നത്. തീരത്തു നിന്ന് 48 കിലോമീറ്റർ അകലെയാകും ഇന്ധന പര്യവേഷണം . പര്യവേഷണ കപ്പലിനും ചെറുകപ്പലുകൾക്കും ടഗുകൾക്കും ഇന്ധനം നിറയ്ക്കുന്നതിനുള്ള സൗകര്യം താൽക്കാലിക ഓഫിസ് മുറി, ഇമിഗ്രേഷൻ ചെക്ക് പോയിന്റ് സംവിധാനം എന്നിവ തുറമുഖത്തു സജ്ജമാക്കും.

# മൈക്രോ പ്ലാസ്റ്റിക്: പരിസ്ഥിതി ആരോഗ്യ ആഘാത സർവ്വേക്ക് തുടക്കമായി

**കണ്ണൂർ:** പ്ലാസ്റ്റിക്ക് കണങ്ങൾ മനുഷ്യരിലും പരിസ്ഥിതിയിലുമുണ്ടാക്കുന്ന ആഘാതത്തെക്കുറിച്ച് പഠിക്കാനായി കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത് നടത്തുന്ന പരിസ്ഥിതിആരോഗ്യ ആഘാത സർവ്വേക്ക് തുടക്കമായി. 100 എന്യൂമറേറ്റർമാർ അടങ്ങിയ സംഘം ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ വീടുകൾ സന്ദർശിച്ച് തയ്യാറാക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ പദ്ധതികൾ തയ്യാറാക്കും. സംസ്ഥാനത്ത് ആദ്യമായാണ് ഇത്തരമൊരു ഉദ്യമം. സർവ്വെയുടെ ഭാഗമാകുന്ന എന്യുമറേറ്ററുമാർക്കുള്ള ശില്പശാല ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.സി ജിഷ ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് അബ്ദുൾ നിസാർ വായിപ്പറമ്പ് അധ്യക്ഷനായി. പരിസ്ഥിതി ശാസ്ത്രജ്ഞനും മൈക്രോ പ്ലാസ്റ്റിക്ക് പദ്ധതി കോ ഓർഡിനേറ്ററുമായ ഡോ എം.കെ സതീഷ് കുമാർ ക്ലാസെടുത്തു. സ്ഥിരം സമിതി അധ്യക്ഷരായ കെ.വി.സതീശൻ, പി പ്രസീത, സെക്രട്ടറി സിമാ കുഞ്ചാൽ, കെ.പി വിവേക് എന്നിവർ സംസാരിച്ചു. ഡിസംബർ 20 വരെ നടത്തുന്ന സർവ്വെയുമായി എല്ലാവരും സഹകരിക്കണമെന്ന് ബ്ലോക്ക് പഞ്ചായത്ത് അഭ്യർഥിച്ചു.

# തൊഴിൽ നൈപുണ്യ പരിശീന പദ്ധതി

**കണ്ണൂർ:** പട്ടിക വർഗ വിഭാഗത്തിൽപ്പെട്ട യുവതീ യുവാക്കൾക്കുള്ള തൊഴിൽ നൈപുണ്യ പരിശീന പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു. സി എൻ സി ഓപ്പറേറ്റർ ടർണിംഗ് ആന്റ് വിഎംസി, നെറ്റിപ്പട്ടം മറ്റു കരകൗശല വസ്തുക്കളുടെ നിർമ്മാണം, സ്മാർട്ട് ഫോൺ അസംബ്ലി ടെക്നീഷ്യൻ, ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ, ടെയിലറിങ് ആന്റ് ഫാഷൻ ഡിസൈനിങ്, ഗ്രാഫിക് ഡിസൈനിങ്ങ് ആന്റ് വീഡിയോ എഡിറ്റിങ്, ഫിൻടെക് ആന്റ് അക്കൗണ്ടിങ്ങ് ടൂൾസ്, സിസിടിവി ടെക്നീഷ്യൻ/ലാപ്പ്ടോപ്പ് മൊബൈൽ ഫോൺ സർവീസിങ്/കമ്പ്യൂട്ടർ ഹാർഡ് വെയർ മെയിന്റനൻസ്, വെബ് ഡിസൈനിങ്, മറ്റു കമ്പ്യൂട്ടർ അനുബന്ധ കോഴ്സുകൾ എന്നിവയിലേക്ക് അപേക്ഷിക്കാം. ജാതി, വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, ആധാർ കാർഡ് എന്നിവയുടെ പകർപ്പ് സഹിതം ഡിസംബർ 16 നകം പട്ടികവർഗ വികസന വകുപ്പ് ഓഫീസിലോ, ഇരിട്ടി, പേരാവൂർ, കൂത്തുപറമ്പ്, തളിപ്പറമ്പ് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസിലോ ആറളം സൈറ്റ് മാനേജരുടെ ഓഫീസിലോ അപേക്ഷ നൽകണം. ഫോൺ : 0497 2700357.

# യോഗ ഇൻസ്ട്രക്ടറുടെ ഒഴിവ്

**കണ്ണൂർ:** കണ്ണപുരം പഞ്ചായത്തിൽ യോഗ ഇൻസ്ട്രക്ടറുടെ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. 50 വയസ്സിന് താഴെയുള്ളവർ സർട്ടിഫിക്കറ്റുകളുടെ അസ്സലും പകർപ്പുമായി ഡിസംബർ 16 ന് രാവിലെ 11ന് കണ്ണപുരം പഞ്ചായത്ത് ഓഫീസിൽ ഇന്റർവ്യൂവിന് ഹാജരാകണം. ഫോൺ: 0497 2860234




നവീകരിച്ച എറണാകുളം മാർക്കറ്റിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ച് എറണാകുളം മാർക്കറ്റ് സ്റ്റാൾ ഓണേഴ്സ് അസോസിയേഷന്റെ നേതൃത്വത്തിൽ എറണാകുളം പ്രസ്ക്ലബ്ബിൽ നടത്തിയ വാർത്താ സമ്മേളനത്തിൽ അസോസിയേഷൻ പ്രസിഡന്റ് സി.ജെ ജോർജ്ജ് സംസാരിക്കുന്നു. ജനറൽ സെക്രട്ടറി എൻ.എച്ച്.ഷെമീദ്, ട്രഷറർ കെ.പി.ബിനു, വൈസ് പ്രസിഡന്റ് ടി.എച്ച് നാസർ തുടങ്ങിയവർ സമീപം

# നവീകരിച്ച എറണാകുളം മാർക്കറ്റ് നാളെ നാടിന് സമർപ്പിക്കും

## പൂർണ്ണ പിന്തുണയെന്ന് മാർക്കറ്റ് സ്റ്റാൾ ഓണേഴ്സ് അസോസിയേഷൻ

**കൊച്ചി:** നാല് ദശാബ്ദക്കാലത്തിലധികമായി എറണാകുളത്തെ മാർക്കറ്റ് വ്യാപാരികളുടെ ആവശ്യമായിരുന്ന നവീകരിച്ചതും വൃത്തിയുള്ളതുമായ മാർക്കറ്റ് എന്ന സ്വപ്നം സാക്ഷാൽക്കരിക്കപ്പെടുന്നതിൽ എറെ ആഹ്ദമുണ്ടെന്ന് എറണാകുളം മാർക്കറ്റ് സ്റ്റാൾ ഓണേഴ്സ് അസോസിയേഷൻ പ്രസിഡന്റ് സി.ജെ ജോർജ്ജ്, ജനറൽ സെക്രട്ടറി എൻ.എച്ച്.ഷെമീദ്, ട്രഷറർ കെ.പി.ബിനു, വൈസ് പ്രസിഡന്റ് ടി.എച്ച് നാസർ എന്നിവർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. നവീകരിച്ച മാർക്കറ്റ് പ്രവർത്തനം ആരംഭിക്കുന്നതോടെ മൊത്തവ്യാപാരികൾക്കും ചെറുകിട വ്യാപാരികൾക്കുമാത്രമല്ല കൊച്ചിയുടെ സാമ്പത്തിക മേഖലയ്ക്ക് വരെ വലിയ ഉണർവ്വായിരിക്കും സമ്മാനിക്കുക. നവീകരിച്ച മാർക്കറ്റ് നാളെ (ഡിസംബർ 14 ന്) മുഖ്യമന്ത്രി പിണറായി വിജയൻ നാടിന് സമർപ്പിക്കും. ഹൈബി ഈഡൻ എം.പി, ടി.ജെ വിനോദ് എം.എൽ.എ, കൊച്ചി മേയർ അഡ്വ.എം. അനിൽകുമാർ എന്നിവരുടെ കാര്യക്ഷമമായ ഇടപെടൽ മാർക്കറ്റ് നവീകരണത്തിൽ നിർണ്ണായക സ്വാധീനം ചെലുത്തിയിട്ടുണ്ട്. മാർക്കറ്റ് ഓണേഴ്സ് അസോസിയേഷൻ ഇവരോടുള്ള നന്ദിയും രേഖപ്പെടുത്തുന്നു. എറണാകുളം ജില്ലയിൽ നിന്നുള്ളവർ മാത്രമല്ല മറ്റു ജില്ലകളിൽ നിന്നും ആളുകൾ ഇവിടെ വ്യാപാരങ്ങൾക്കായി വരുന്നുണ്ട്. എറണാകുളം മാർക്കറ്റ് നവീകരിക്കണമെന്നത് 1988 മുതലുള്ള എറണാകുളം നിവാസികളുടെയും വ്യാപാരികളുടെ ആവശ്യമായിരുന്നു. പഴയമാർക്കറ്റിരുന്ന അതേ സ്ഥലത്ത് മൂന്നു നിലകളിലായിട്ടാണ് നവീകരിച്ച മാർക്കറ്റ് സ്ഥിതി ചെയ്യുന്നത്. 275 കടകളാണ് കെട്ടിടത്തിലുള്ളത്. പഴം, പച്ചക്കറി, മുട്ട എന്നിവയുടെ വിൽപ്പന താഴത്തെ നിലയിലും മൽസ്യം, മാസം വിൽപ്പന മുകളിലത്തെ നിലയിലുമായിക്കും നടക്കുക. കെട്ടിടത്തിന്റെ ഒരൊ നിലകളിലും സ്ത്രീകൾക്കും പുരുഷന്മാർക്കും വെവ്വേറെ ശുചിമുറി സംവിധാനം, ഭിന്നശേഷിക്കാർക്കായി റാംപ് സൗകര്യം, അത്യാധുനിക രീതിയിലുള്ള മാലിന്യസംസ്ക്കരണ സംവിധാനം, മാലിന്യം ഉപയോഗിച്ചുള്ള വളനിർമ്മാണത്തിനുള്ള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് സംവിധാനം, മുകളിലത്തെ നിലകളിലേക്ക് എത്തുന്നതിനായി ലിഫ്റ്റ് എന്നിവയും മാർക്കറ്റിൽ സജ്ജമാക്കിയിട്ടുണ്ട് നൂറിലധികം കാറുകളും ബൈക്കുകളും ഒരേ സമയം പാർക്കു ചെയ്യാനുള്ള സംവിധാനവും ഇവിടെയുണ്ട്. എല്ലാത്തരത്തിലും എറെ സൗകര്യമായ രീതിയിലാണ് മാർക്കറ്റ് പുനർനിർമ്മിച്ചിരിക്കുന്നത്. മാർക്കറ്റിന്റെ പ്രവർത്തനങ്ങൾക്കും എറണാകുളം മാർക്കറ്റ് സ്റ്റാൾ ഓണേഴ്സ് അസോസിയേഷന്റെ പൂർണ്ണ പിന്തുണയുണ്ടെന്നും ഭാരവാഹികൾ വ്യക്തമാക്കി.




വൈദ്യുതിചാർജ്ജ് വർധനവിനെതിരെ കേരള വ്യാപാരിവ്യവസായി ഏകോപന സമിതി എറണാകുളം നോർത്തിൽ സംഘടിപ്പിച്ച പന്തംകൊളുത്തി പ്രകടനം കേരള വ്യാപാരി വ്യവസായി ഏകോപന സമിതി ജില്ലാ പ്രസിഡന്റ് പി.സി ജേക്കബ്ബ് ഉദ്ഘാടനം ചെയ്യുന്നു. പി. സുരേഷ് ഗോപി, സി.വി രാജു, പ്രദീപ് ജോസ്, ദീപു ജോസഫ്, ജംഷീർ വാഴയിൽ, സൂരജ് പള്ളിക്കൻ തുടങ്ങിയവർ മുൻ നിരയിൽ

# വൈദ്യുതി ചാർജ്ജ് വർധന: കെ.വി.വി.ഇ.എസ് പന്തംകൊളുത്തി പ്രകടനം നടത്തി

**കൊച്ചി:** വൈദ്യുതിചാർജ്ജ് വർധനവിനെതിരെ കേരള വ്യാപാരിവ്യവസായി ഏകോപന സമിതിയുടെ ആഹ്വാനപ്രകാരം സംസ്ഥാന വ്യാപകമായി സംഘടിപ്പിച്ച പ്രതിഷേധത്തിന്റെ ഭാഗമായി പന്തംകൊളുത്തി പ്രകടനം നടത്തി. എറണാകുളം ജില്ലയിലെ 245 യൂണിറ്റുകളുടെ ആഭിമുഖ്യത്തിലും പ്രതിഷേധം സംഘടിപ്പിച്ചു. എറണാകുളം ടൗൺ നോർത്ത്, പച്ചാളം യൂണിറ്റുകളുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച പ്രതിഷേധ പ്രകടനം ഏകോപന സമിതി ജില്ലാ പ്രസിഡന്റ് പി.സി ജേക്കബ്ബ് ഉദ്ഘാടനം ചെയ്തു. പച്ചാളം യൂണിറ്റ് വർക്കിംഗ് പ്രസിഡന്റ് പി. സുരേഷ് ഗോപി, ജനറൽ സെക്രട്ടറി സി.വി രാജു, വനിതാ വിംഗ് നേതാക്കളായ സിന്ധു രമേഷ്, പ്രീമാ ബാബു, യൂത്ത് വിംഗ് ജില്ലാ പ്രസിഡന്റ് പ്രദീപ് ജോസ്, എറണാകുളം ടൗൺ നോർത്ത് യൂണിറ്റ് പ്രസിഡന്റ് ദീപു ജോസഫ്, ജനറൽ സെക്രട്ടറി ജംഷീർ വാഴയിൽ, ട്രഷറർ സൂരജ് പള്ളിക്കൻ തുടങ്ങിയവർ പ്രസംഗിച്ചു.




'സുരക്ഷിത മാർഗ് ' റോഡ് സുരക്ഷ സ്കൂളുകളിലൂടെ പദ്ധതിയുടെ ലോഗോ പ്രകാശനം തൃക്കാക്കര കൊച്ചിൻ പബ്ലിക് സ്കൂളിൽ നടന്ന ചടങ്ങിൽ എറണാകുളം ജോയിന്റ് ആർടിഒ സി.ഡി അരുണും എസ്.സി.എം.എസ് ഇൻസ്റ്റിറ്റിയൂട്ട് ഫോർ റോഡ് സേഫ്റ്റി ആന്റ് ട്രാൻസ്പോർട്ടേഷൻ ഡയറക്ടർ ജി. ആദർശ്കുമാറും ചേർന്നും നിർവ്വഹിച്ചപ്പോൾ. റോണി തെരേസാ ഡേവിഡ്, ഡിവിൻ, പ്രശാന്ത്, ഷെഫീഖ് മാലിക്ക് മുഹമ്മദ്, ജബീന ഇബ്രാഹിം, നവാസ് ദാവൂദ്, എ. സി ഷിനാസ്, അൽബാബ് ഉസ്മാൻ തുടങ്ങിയവർ സമീപം

# 'സുരക്ഷിത മാർഗ്' പദ്ധതിയ്ക്ക് തുടക്കം

**കൊച്ചി:**വിദ്യാർഥികളെയും മാതാപിതാക്കളെയും റോഡ് സുരക്ഷ സംബന്ധിച്ച് ബോധവൽക്കരിക്കുന്നതിനായി നടപ്പിലാക്കി വരുന്ന ' സുരക്ഷിത മാർഗ് ' റോഡ് സുരക്ഷ സ്കൂളുകളിലൂടെ പദ്ധതിയ്ക്ക് തൃക്കാക്കര കൊച്ചിൻ പബ്ലിക് സ്കൂളിൽ തുടക്കമായി. പദ്ധതിയുടെ ഉദ്ഘാടനം എറണാകുളം ജോയിന്റ് ആർടിഒ സി.ഡി അരുണും ലോഗോ പ്രകാശനം ജോയിന്റ് ആർടിഒ സി.ഡി അരുണും എസ്.സി.എം.എസ് ഇൻസ്റ്റിറ്റിയൂട്ട് ഫോർ റോഡ് സേഫ്റ്റി ആന്റ് ട്രാൻസ്പോർട്ടേഷൻ ഡയറക്ടർ ജി. ആദർശ്കുമാറും സംയുക്തമായും നിർവ്വഹിച്ചു. പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ സംബന്ധിച്ച് ജി ആദർശ് കുമാർ ചടങ്ങിൽ വിശദീകരിച്ചു. സ്കൂൾ പ്രിൻസിപ്പാൾ ജബീന ഇബ്രാഹിം അധ്യക്ഷത വഹിച്ചു. അഡ്മിനിസ്ട്രേറ്റീവ് ഡയറക്ടർ നവാസ് ദാവൂദ്, എസ്.സി.എം.എസ് ഗ്രൂപ്പ് മോഡറേറ്റർ റോണി തെരേസാ ഡേവിഡ്, പ്രോഗ്രാം കോർഡിനേറ്റർ പ്രശാന്ത്, ഡിവിൻ, സ്കൂൾ പിടിഎ പ്രസിഡന്റ് ഷെഫീഖ് മാലിക്ക് മുഹമ്മദ്, വൈസ് പ്രസിഡന്റ് എ. സി ഷിനാസ്, സ്കൂൾ ഹെഡ് ബോയ് അൽബാബ് ഉസ്മാൻ തുടങ്ങിയവർ സംസാരിച്ചു.സമ്മേളനത്തെ തുടർന്ന് റോഡ് സുരക്ഷയെ അടിസ്ഥാനമാക്കി നടത്തിയ ഓൺലൈൻ ക്വിസിൽ വിജയികളായവർക്ക് ക്യാഷ് അവാർഡുകൾ നൽകി. മൂന്നു മാസം നീണ്ടു നിൽക്കുന്ന റോഡ് സുരക്ഷാ ബോധവൽക്കരണ പരിപാടിയാണ് സംഘടിപ്പിക്കുന്നത്. പ്രാജക്ട് സുരക്ഷിത് മാർഗ് ഇന്റർസ്കൂൾ പെയിന്റിംഗ് മത്സരം, റോഡ് ഷോകൾ, ക്വിസുകൾ ഉൾപ്പെടെയുള്ളവ ഉണ്ടാകും. കുറ്റുക്കാരൻ ഓട്ടോമൊബൈൽസിന്റെ സിഎസ്ആർ ഫണ്ടുപയോഗിച്ച് എസ്.സി.എം.എസ് ഇൻസ്റ്റിറ്റിയൂട്ട് ഫോർ റോഡ് സേഫ്റ്റി ആന്റ് ട്രാൻസ്പോർട്ടേഷനുമായി സഹകരിച്ചാണ് സുരക്ഷിതമാർഗ് പദ്ധതി സ്കൂളുകളിൽ നടപ്പിലാക്കുന്നത്.



പോളണ്ടിൽ നടന്ന വേൾഡ് കോമ്പാറ്റ് ജുജിറ്റ്സു ചാമ്പ്യൻഷിപ്പിൽ മെഡൽ നേടിയ സെലസ് മരിയ, വർഗീസ് രാജൻ, റൊവാൻ മരിയ എന്നിവർ

# വേൾഡ് ജുജിറ്റ്സു ചാമ്പ്യൻഷിപ്പ്: മലയാളി സഹോദരങ്ങൾക്ക് മെഡൽ നേട്ടം

**കൊച്ചി:** പോളണ്ടിൽ നടന്ന 13ാമത് വേൾഡ് കോമ്പാറ്റ് ജുജുറ്റ്സു ചാമ്പ്യൻഷിപ്പിൽ മെഡൽ വേട്ടയുമായി മലയാളി സഹോദരങ്ങൾ. കൊച്ചി സ്വദേശികളായ വർഗീസ് രാജൻ, റൊവാൻ മരിയ, സെലസ് മരിയ എന്നിവരാണ് ഇന്ത്യക്കായി മെഡൽ നേടിയത്. ലോകത്തിലെ ഏറ്റവും പ്രാചീനമായ ആയോധന കലകളിലൊന്നാണ് ജുജിറ്റ്സു. വർഗീസ് രാജൻ അണ്ടർ 14 വിഭാഗം 45 കി .ഗ്രാം കാറ്റഗറി സെൽഫ് ഡിഫൻസ് വിഭാഗത്തിൽ വെള്ളിയും, ഫുൾ കോണ്ടാക്ടിൽ വെങ്കലവും നേടി. ജൂനിയർ 47 കി.ഗ്രാം കാറ്റഗറിയിലെ ഫുൾ കോണ്ടാക്ട് ഫൈറ്റിങിലാണ് റൊവാൻ മരിയ വെള്ളി നേടിയത്. ഇരുവരും രാജഗിരി ക്രിസ്തു ജയന്തി പബ്ലിക് സ്കൂൾ വിദ്യാർഥികളാണ്. സീനിയർ 56 കി.ഗ്രാം സെൽഫ് ഡിഫൻസിലായിരുന്നു രാജഗിരി കോളജ് ഓഫ് മാനേജ്മെന്റ് ആന്റ് അപ്ലൈഡ് സയൻസിലെ രണ്ടാം വർഷ ബിബിഎ വിദ്യാർഥിനിയായ സൊലസ് മരിയയുടെ നേട്ടം. തൃപ്പൂണിത്തുറ ഇന്റർനാഷണൽ മാർഷ്യൽ ആർട്സ് അക്കാദമിയിലാണ് മൂവരും പരിശീലിക്കുന്നത്. കോമ്പാറ്റ് ജുജിറ്റ്സു ഫെഡറേഷൻ ഓഫ് ഇന്ത്യ ഡയറക്ടർ രാജൻ വർഗീസിന്റെയും, പ്രസിഡന്റ് ടെസ്നിയുടെയും മക്കളാണ്.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ഹരിത ടൂറിസ്റ്റ് കേന്ദ്രമായി കോടനാട് അഭയാരണ്യം

**കൊച്ചി:** ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ എറണാകുളം ജില്ലയിലെ രണ്ടാമത്തെ മാതൃകാ ഹരിത ടൂറിസം കേന്ദ്രമായി കോടനാട് അഭയാരണ്യം. ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ വിനോദ സഞ്ചാര മേഖലയിൽ നടപ്പാക്കുന്ന പദ്ധതിയാണ് ഹരിത ടൂറിസം.

മാലിന്യമുക്തം ജനകീയ ക്യാമ്പിന്റെ ഭാഗമായി സംഘടിപ്പിച്ച പരിപാടിയിൽ ജില്ലാ കളക്ടർ എൻ എസ് കെ ഉമേഷ് അഭയാരണ്യത്തെ ഹരിത ടൂറിസ്റ്റ് കേന്ദ്രമായി പ്രഖ്യാപിച്ചു.

കൂവപ്പടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മായ കൃഷ്ണകുമാർ അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മനോജ് മൂത്തേടൻ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് എ ടി അജിത് കുമാർ, വൈസ് പ്രസിഡൻറ് എം ഒ ജോസ്, കാലടി പ്രകൃതി പഠനകേന്ദ്രം അസിസ്റ്റൻറ് ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ആർ ഡെൽറ്റോ എൽ മറോക്കി, റെയ്ഞ്ചർ റഷീദ് ഉൾപ്പടെയുള്ള വനംവകുപ്പിലെ വിവിധ ഉദ്യോഗസ്ഥർ ഹരിത കേരള മിഷൻ ജില്ല കോഓർഡിനേറ്റർ എസ് രഞ്ജിനി, സ്ഥിരം സമിതി അധ്യക്ഷൻമാരായ കെ.പി. ചാർളി, ജിജി ശെൽവരാജ്, സിനി എൽദോ, ബ്ലോക്ക് പഞ്ചായത്തംഗം മോളി തോമസ്, വാർഡ് അംഗങ്ങളായ സിന്ധു അരവിന്ദ്, ബേബി തോപ്പിലാൻ, പി.വി. സുനിൽ, രമ്യ വർഗീസ്, ബിന്ദു കൃഷ്ണകുമാർ, സാംസൺ ജേക്കബ്, സന്ധ്യ രാജേഷ്, ശശികല രമേശ്, എം.വി. സാജു, പി.എസ്. നിത, മരിയ മാത്യു, സി ഡി എസ് ചെയർപേഴ്സൺ ഷൈജി ജോയി, പഞ്ചായത്ത് സെക്രട്ടറി കെ.കെ. പ്രശാന്ത്, അസി.സെക്രട്ടറി ആർ ഗോപകുമാർ, പഞ്ചായത്ത് ആസൂത്രണ സമിതി ഉപാധ്യക്ഷൻ സാബു ആൻറണി, ഹരിത കർമസേനാംഗങ്ങൾ, വി എസ് എസ് പ്രതിനിധികൾ, ആശാ വർക്കർമാർ, വിവിധ കക്ഷി രാഷ്ട്രീയ നേതാക്കൾ തുടങ്ങിയവർ പങ്കെടുത്തു. മാലിന്യ നിർമാർജനത്തിൽ ഹരിതകർമ സേനയുടെ പ്രധാന്യം വളരെ വലുതാണെന്ന് ജില്ലാ കളക്ടർ പറഞ്ഞു. കൂടുതൽ ജനങ്ങൾ എത്തിച്ചേരുന്നതും സഞ്ചരിക്കുന്നതുമായ സ്ഥലങ്ങളും പരിസരവും ഹരിത പെരുമാറ്റ ചട്ടത്തിന്റെ പരിധിയിൽ കൊണ്ടുവരേണ്ടത് അനിവാര്യമാണ്. ടൂറിസം കേന്ദ്രങ്ങളിൽ മാലിന്യ സംസ്കരണം, ഒറ്റത്തവണ ഉപയോഗിക്കുന്ന ഉൽപ്പന്നങ്ങളുടെ കർശനമായ നിരോധനം നടപ്പാക്കൽ,ബദൽ സംവിധാനം ഏർപ്പെടുത്തൽ, ടോയ്‌ലറ്റ് സംവിധാനവും ദ്രവ മാലിന്യ സംസ്കരണവും കുറ്റമറ്റതാക്കൽ, എം സി എഫ്, മിനി എം സി എഫുകൾ, ബോട്ടിൽ ബൂത്തുകൾ സ്ഥാപിക്കൽ, സെക്യൂരിറ്റി ക്യാമറകൾ സ്ഥാപിക്കൽ തുടങ്ങിയ സംവിധാനങ്ങൾ ഉറപ്പുവരുത്തിയാണു ഹരിത ടൂറിസ്റ്റ് കേന്ദ്ര പ്രഖ്യാപനം നടത്തിയത്.

# തിരുവനന്തപുരം മെഡിക്കൽ കോളേജ് എമർജൻസി മെഡിസിൻ വിഭാഗത്തെ സെന്റർ ഓഫ് എക്സലൻസ് ആയി തെരഞ്ഞെടുത്തു

**തിരുവനന്തപുരം:** സർക്കാർ മെഡിക്കൽ കോളേജിലെ എമർജൻസി മെഡിസിൻ വിഭാഗത്തെ കേന്ദ്ര സർക്കാർ സെന്റർ ഓഫ് എക്സലൻസ് ആയി തിരഞ്ഞെടുത്തു. അത്യാഹിത വിഭാഗ ചികിത്സയുടെ പഠനത്തിനായി നീതി ആയോഗ് ഐസിഎംആർ തിരഞ്ഞെടുക്കുന്ന രാജ്യത്തെ അഞ്ച് മെഡിക്കൽ കോളേജുകളുടെ പട്ടികയിലാണ് തിരുവനന്തപുരം മെഡിക്കൽ കോളേജും ഉൾപ്പെട്ടത്. ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ വർഷവും രണ്ടു കോടി രൂപ മെഡിക്കൽ കോളേജിന് ലഭിക്കും. കേരളത്തിൽ നിന്നൊരു മെഡിക്കൽ കോളേജ് ഈ സ്ഥാനത്ത് എത്തുന്നത് ചരിത്രത്തിൽ ആദ്യമായാണ്. മെഡിക്കൽ കോളേജ് എസ്.എ.ടി. ആശുപത്രിയെ അപൂർവ രോഗങ്ങളുടെ സെന്റർ ഓഫ് എക്സലൻസ് ആയി ഈ സർക്കാരിന്റെ കാലത്ത് കേന്ദ്ര സർക്കാർ ഉയർത്തിയിരുന്നു. ഇതോടെ മെഡിക്കൽ കോളേജും എസ്.എ.ടി. ആശുപത്രിയും സെന്റർ ഓഫ് എക്സലൻസായി മാറുകയാണ്.

രാജ്യത്തെ 5 പ്രധാന ആശുപത്രികൾക്കൊപ്പം തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ എമർജൻസി മെഡിസിൻ വിഭാഗത്തെ സെന്റർ ഓഫ് എക്സലൻസ് ആയി ഉയർത്തുമ്പോൾ വളരെ സന്തോഷമുണ്ടെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ് പറഞ്ഞു. ഈ സർക്കാരിന്റെ തുടക്കകാലത്ത് 2021ൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ മുന്നറിയിപ്പില്ലാതെ മന്ത്രി നടത്തിയ സന്ദർശനമാണ് എമർജൻസി മെഡിസിൻ ഡിപ്പാർട്ട്മെന്റിന്റെ പ്രവർത്തനങ്ങളിലേക്ക് തുടക്കം കുറിച്ചത്.പഴയ അത്യാഹിത വിഭാഗം സ്ഥലപരിമിതിയോടെ, അടിസ്ഥാന സൗകര്യങ്ങളില്ലാതെ ഞെങ്ങി ഞെരുങ്ങിയാണ് പ്രവർത്തിച്ചു വന്നിരുന്നത്. വെളിച്ചമില്ലാത്ത വരാന്തയിൽ അഞ്ചും ആറും മണിക്കൂറുകൾ മതിയായ ചികിത്സ ലഭ്യമാകാതെ സ്ട്രച്ചറിൽ കാത്തു കിടക്കുന്ന രോഗികളെ കാണാൻ സാധിച്ചു. പലയിടത്ത് നിന്നും ഇസിജി വേരിയേഷൻ രേഖപ്പെടുത്തി വന്നവരും അക്കൂട്ടത്തിൽ ഉണ്ട്. ഓരോ ഡോക്ടർമാരുടെ ടേബിളിന് ചുറ്റും മുപ്പതും നാൽപതും രോഗികൾ ഉണ്ടായിരുന്നു. സേവനം ലഭിച്ചിരുന്നത് മണിക്കൂറുകൾ കഴിഞ്ഞു മാത്രമാണെന്ന് പലരും പരാതി പറഞ്ഞു. അപ്പോഴാണ് ഈ അവസ്ഥ മാറ്റി എമർജൻസി മെഡിക്കസിൻ വിഭാഗം എവിടെ തുടങ്ങണം എന്നുള്ള ചിന്ത വന്നത്.

നിർമ്മാണം തുടങ്ങിയെങ്കിലും വളരെക്കാലം നിലച്ചു പോയിരുന്ന കെട്ടിടത്തിൽ നൂതന എമർജൻസി മെഡിസിൻ സംവിധാനങ്ങളൊരുക്കിയാണ് പുതിയ അത്യാഹിത വിഭാഗം പ്രവർത്തനമാരംഭിച്ചത്. ശാസ്ത്രീയമായ ട്രയാജ് സംവിധാനം ആദ്യമായി നടപ്പിലാക്കി. ചെസ്റ്റ് പെയിൻ ക്ലിനിക്, സ്ട്രോക്ക് ഹോട്ട് ലൈൻ, അത്യാധുനിക പരിശോധനാ സംവിധാനങ്ങൾ, രോഗീ സൗഹൃദ അന്തരീക്ഷം എന്നിവ ഉറപ്പാക്കി. സീനിയർ ഡോക്ടർമാരുടെ സേവനം ഉറപ്പാക്കി. മെഡിക്കൽ കോളേജിലെ എല്ലാ തലത്തിലും സൂക്ഷ്മമായ ഇടപെടൽ വേണമെന്ന് കണ്ടതുകൊണ്ട് പുതിയ ഡിപ്പാർട്ട്മെന്റുകൾ, പുതിയ സംവിധാനങ്ങൾ, ഫെലോഷിപ്പ് പ്രോഗ്രാം എന്നിവ ആരംഭിച്ചു. എയിംസ്, ലോകാരോഗ്യ സംഘടനാ പ്രതിനിധികൾ അത്യാഹിത വിഭാഗം സന്ദർശിച്ച് അഭിനന്ദിച്ചു. എമർജൻസി മെഡിസിനിൽ മൂന്ന് പിജി സീറ്റുകൾക്ക് അനുമതി ലഭ്യമാക്കി കോഴ്സ് ആരംഭിച്ചു. 100 ഐസിയു കിടക്കകളുള്ള പ്രത്യേക ബ്ലോക്ക്, സ്പെക്ട് സ്കാൻ എന്നിവ സ്ഥാപിച്ചു. പെറ്റ് സ്കാൻ സ്ഥാപിക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു.

ഈ കാലയളവിൽ ദേശീയ മെഡിക്കൽ വിദ്യാഭ്യാസ റാങ്കിങ്ങിൽ തുടർച്ചയായ രണ്ട് വർഷങ്ങളിൽ മെഡിക്കൽ കോളേജ് ഉൾപ്പെട്ടു. സമാനതകളില്ലാത്ത വികസന പ്രവർത്തനങ്ങളാണ് മെഡിക്കൽ കോളേജിൽ നടന്നു വരുന്നത്. 85ൽ അധികം തവണയാണ് മന്ത്രി വീണാ ജോർജ് മെഡിക്കൽ കോളേജ് സന്ദർശിച്ച് ചർച്ച നടത്തിയത്. മാസ്റ്റർപ്ലാനിന്റെ ഭാഗമായി കിഫ്ബി വഴി 717 കോടിയുടെ വികസന പ്രവർത്തനങ്ങളാണ് മെഡിക്കൽ കോളേജിൽ നടന്നു വരുന്നത്. ആദ്യഘട്ടത്തിലെ റോഡും പാലവും നിർമ്മാണം പൂർത്തിയാക്കി 194.32 കോടി അനുവദിച്ച് രണ്ടാംഘട്ട പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. രാജ്യത്ത് ആദ്യമായി സർക്കാർ മേഖലയിലെ ന്യൂറോ കാത്ത് ലാബ് ഉൾപ്പെട്ട 14.3 കോടിയുടെ സമഗ്ര സ്ട്രോക്ക് സെന്റർ സജ്ജമാക്കി. മെഡിക്കൽ കോളേജിൽ റോബോട്ടിക് സർജറി ആരംഭിക്കുന്നതിന് തുക അനുവദിച്ചിട്ടുണ്ട്.

ലിനാക്, ഇന്റർവെൻഷണൽ പൾമണോളജി യൂണിറ്റ്, ബേൺസ് ഐസിയു എന്നിവ സ്ഥാപിച്ചു. രാജ്യത്ത് മെഡിക്കൽ കോളേജുകളിൽ ആദ്യമായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ന്യൂറോ ഇന്റർവെൻഷൻ ആരംഭിച്ചു. 23 കോടിയുടെ ലേഡീസ് ഹോസ്റ്റൽ യാഥാർത്ഥ്യമാക്കി. അടുത്തിടെ മെഡിക്കൽ കോളേജിനായി 25 അധ്യാപക തസ്തികകൾ സൃഷ്ടിച്ചു. സംസ്ഥാനത്ത് ആദ്യമായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ക്രിറ്റിക്കൽ കെയർ, ജനറ്റിക്സ്, ജെറിയാട്രിക്, ഇന്റർവെൻഷണൽ റേഡിയോളജി, റുമറ്റോളജി വിഭാഗങ്ങൾ ആരംഭിക്കാനുള്ള ജീവനക്കാരെ നിയമിച്ച് നടപടികൾ പുരോഗമിക്കുന്നു.

# വിദ്യാർത്ഥികളെ തൊഴിൽ ദാതാക്കളാകാൻ സജ്ജമാക്കും: മന്ത്രി

**തിരുവനന്തപുരം:** വിദ്യാർത്ഥികളെ തൊഴിൽ അന്വേഷകരിൽ നിന്നും തൊഴിൽ ദാതാക്കളാകാൻ സജ്ജമാക്കുന്ന പ്രായോഗിക വിദ്യാഭ്യാസ പ്രവർത്തനങ്ങളാണ് സംസ്ഥാനം പിന്തുടരുന്നതെന്ന് മന്ത്രി ആർ ബിന്ദു. തൊഴിൽ അഭിരുചിയും നൈപുണ്യവും വർദ്ധിപ്പിക്കുന്നതിനായി എക്സ്പീരിയൻഷ്യൽ ലേണിംഗ് പദ്ധതി നടപ്പാക്കിലാക്കുന്നുണ്ടെന്നും മന്ത്രി പറഞ്ഞു. വട്ടിയൂർക്കാവ് സെൻട്രൽ പോളിടെക്നിക്കിലെ ഓപ്പൺ എയർ ഓഡിറ്റോറിയം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി.

സാങ്കേതിക വിദ്യാഭ്യാസമേഖലയിലെ വിദ്യാർത്ഥികൾ സാമൂഹിക വെല്ലുവിളികൾക്കുള്ള സാങ്കേതിക പ്രതിവിധികൾ രൂപപ്പെടുത്തുന്നുണ്ട്. കൃഷി, വ്യവസായ, ആരോഗ്യ മേഖലകളിൽ ഇതിനോടകം നിരവധി പരിഹാരമാർഗങ്ങൾ കുട്ടികൾ അവതരിപ്പിച്ചിട്ടുണ്ട്. കേരള സാങ്കേതിക സർവകലാശാലയിൽ ആയിരം പദ്ധതികളാണ് എൻജിനീയറിംഗ് വിദ്യാർത്ഥികൾ ഏറ്റെടുത്തിട്ടുള്ളത്. നാടിന്റെ മുന്നേറ്റത്തിലേക്ക് നയിക്കുന്നവയാണവ. വിദ്യാഭ്യാസ മേഖലയിലെ മുന്നേറ്റത്തിലൂടെ ലോകം ഉറ്റുനോക്കുന്ന കേരള മാതൃകയുടെ രണ്ടാം അധ്യായമായ നവ വൈജ്ഞാനിക കേരളം സമ്പൂർണ അർത്ഥത്തിൽ സാക്ഷാത്കരിക്കപ്പെടണം.

ഉന്നതവിദ്യാഭ്യാസ മേഖലയിൽ കഴിഞ്ഞ നാലുവർഷത്തിനുള്ളിൽ ആറായിരം കോടിരൂപ ചിലവഴിച്ചിട്ടുണ്ട്. രണ്ടായിരം കോടി രൂപയുടെ അടിസ്ഥാന സൗകര്യവികസന പ്രവർത്തനങ്ങൾ കലാലയങ്ങളിൽ നടന്നു. രണ്ട് അക്കാദമിക് ബ്ലോക്കുകൾ, ലബോറട്ടറി ബ്ലോക്ക്, 17 സ്മാർട് ക്ലാസ് റൂമുകൾ, ലാബുകളുടെ നവീകരണം, ചുറ്റുമതിൽ നിർമാണം, മാലിന്യനിർമാർജന പദ്ധതി തുടങ്ങിയവക്കായി കഴിഞ്ഞ എട്ട് വർഷത്തിനുള്ളിൽ 38 കോടി രൂപയാണ് വട്ടിയൂർക്കാവ് പോളിടെക്നിക്കിനായി സർക്കാർ ചിലവിട്ടത്. പുതുതായി നിർമ്മിച്ച ഓപ്പൺ എയർ ഓഡിറ്റോറിയത്തിൽ ഇന്റർലോക്ക് ടൈലുകൾ പാകിയ ഫ്ളോറും മേൽക്കൂരയും ക്രമീകരിക്കുന്നതിന് സർക്കാർ പിന്തുണക്കുമെന്നും മന്ത്രി പറഞ്ഞു. സ്ഥാപനത്തിന് എൻബിഎ, ഐഎസ്ഒ സർട്ടിഫിക്കേഷൻ ലഭിക്കുന്നതിനായി പ്രവർത്തിച്ച ഉദ്യോഗസ്ഥർക്ക് മന്ത്രി പ്രശംസാപത്രം സമ്മാനിച്ചു.

വി കെ പ്രശാന്ത് എം എൽ എ അദ്ധ്യക്ഷനായിരുന്ന ചടങ്ങിൽ പൊതുമരാമത്ത് വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയർ അജയ് കുമാർ റിപ്പോർട്ട് അവതരിപ്പിച്ചു. ട്രിഡ ചെയർമാൻ കെ സി വിക്രമൻ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ജോയിന്റ് ഡയറക്ടർ ഡോ സീമ കെ എൻ, പ്രിൻസിപ്പൽ ബീന എൽ എസ്, വിവിധ വകുപ്പ് തലവൻമാർ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

# പട്ടികജാതി/പട്ടികവർഗ വിദ്യാർഥികൾക്ക് സൗജന്യ പരീക്ഷാ പരിശീലനം

**തിരുവനന്തപുരം:** പട്ടികജാതി വികസന വകുപ്പിന് കീഴിൽ ആലുവ സബ് ജയിൽ റോഡിന് സമീപം പ്രവർത്തിച്ചു വരുന്ന ഗവ. പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററിൽ എറണാകുളം, കോട്ടയം, ഇടുക്കി, ആലപ്പുഴ ജില്ലകളിലുള്ള പട്ടികജാതി/പട്ടികവർഗ വിഭാഗ വിദ്യാർഥികൾക്ക് എസ്.എസ്.എൽ.സി, പ്ലസ്ടു അടിസ്ഥാന യോഗ്യതയാക്കി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന പരീക്ഷയ്ക്കുള്ള സൗജന്യ പരിശീലന ക്ലാസുകൾക്കായി അപേക്ഷ ക്ഷണിച്ചു.

ഒരു ലക്ഷത്തിൽ താഴെ വരുമാനമുള്ള ഒ.ബി.സി/ഒ.ഇ.സി വിഭാഗങ്ങളിൽപ്പെട്ടവർക്ക് 30 ശതമാനം സീറ്റുകൾ അനുവദിക്കും. പരിശീലനത്തിന് തെരഞ്ഞെടുക്കുന്ന പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർഥികൾക്ക് നിയമാനുസൃതം സ്റ്റൈപ്പന്റ് ലഭിക്കും.

അപേക്ഷകർ ഫോട്ടോ, ജാതി, വരുമാനം എന്നിവയുടെ സർട്ടിഫിക്കറ്റ് സഹിതം ഡിസംബർ 31ന് വൈകിട്ട് അഞ്ച് മണിക്ക് മുമ്പ് അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷ ഫോമിന്റെ മാതൃക ബന്ധപ്പെട്ട ജില്ലാ പട്ടികജാതി വികസന ഓഫീസുകളിലും, ബ്ലോക്ക് പട്ടികജാതി വികസന ഓഫീസുകളിലും ലഭ്യമാണ്. വിശദവിവരങ്ങൾക്ക്: 0484 2623304.

# പിടിഎസിനെ ആവശ്യമുണ്ട്

**ആലപ്പുഴ:** ആലപ്പുഴ ജില്ലാ സൈനികക്ഷേമ ഓഫീസിന്റെ അധീനതയിലുള്ള ചെങ്ങന്നൂർ സൈനിക വിശ്രമ കേന്ദ്രത്തിലേക്ക് ഭാഗികസമയ തൂപ്പുകാരനെ (പിടിഎസ്) ആവശ്യമുണ്ട്.

താല്പര്യമുള്ള പ്രദേശവാസികളായ വിമുക്തഭടന്മാർ ഡിസംബർ 17 ന് മുൻപായി ആലപ്പുഴ ജില്ലാ സൈനികക്ഷേമ ഓഫീസിൽ അപേക്ഷ നൽകുകയോ നേരിട്ട് ബന്ധപ്പെടുകയോ ചെയ്യണമെന്ന് ജില്ല സൈനികക്ഷേമ ഓഫീസർ അറിയിച്ചു. ഫോൺ. 04772245673. ഇമെയിൽ: zswalp@gmail.com

# ഏഴു ശതമാനം വളർച്ച പ്രതീക്ഷിക്കുന്നതായി ആക്സിസ് ബാങ്ക് 2025 ഔട്ട്ലുക്ക് റിപ്പോർട്ട്

**കൊച്ചി:** ആഗോള തലത്തിലെ സാമ്പത്തിക അനിശ്ചിതത്വത്തിൻറെ പ്രശ്ചാത്തലത്തിലും അടുത്ത സാമ്പത്തിക വർഷം ഏഴു ശതമാനം വളർച്ച പ്രതീക്ഷിക്കുന്നതായി ആക്സിസ് ബാങ്കിൻറെ ഇന്ത്യ ഇക്കണോമിക് ആൻറ് മാർക്കറ്റ് ഔട്ട്ലുക്ക് 2025 റിപ്പോർട്ട് സൂചിപ്പിക്കുന്നു. ആഗോള വ്യാപാര രംഗത്തെ അനിശ്ചിതത്വം, പലിശ നിരക്കു വർധനവ്, വളർച്ചയിലെ ഇടിവ്, ചൈനയിലെ പണച്ചുരുക്ക സാധ്യത, കറൻസികളിലെ ചാഞ്ചാട്ടം തുടങ്ങിയ ഘടകങ്ങൾ അടുത്ത സാമ്പത്തിക വർഷത്തെ കുറിച്ചുള്ള റിപോർട്ടിൽ ചൂണ്ടിക്കാട്ടുന്നുണ്ട്. ഈ സാഹചര്യങ്ങൾക്കിടയിലും ഇന്ത്യൻ സമ്പദ്ഘടനയുമായി ബന്ധപ്പെട്ട സുപ്രധാന ഘടകങ്ങൾ ഏഴു ശതമാനം വളർച്ചാ നിരക്ക് എന്ന നിലയിൽ നീങ്ങാൻ സഹായകമാകും എന്നാണ് റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നത്.ആഗോള തലത്തിലെ ഉയർന്ന നിരക്കുകളും ഡോളർ,രൂപ നിരക്കുകളിലെ ചാഞ്ചാട്ടവും ഉണ്ടാകാൻ സാധ്യതയുണ്ട്. സാമ്പത്തിക രംഗം, വായ്പ തുടങ്ങിയവയിൽ നിയന്ത്രണങ്ങൾ ഉള്ള രീതിയിലേക്കാണ് സാമ്പത്തിക വർഷത്തിൻറെ ആദ്യ പകുതിയിലെ ഇടിവു നയിച്ചത്. സാമ്പത്തിക ചെലവുകൾ ഇതിനകം തന്നെ ഉയർന്നിട്ടുണ്ട്. ഇതേ സമയം ഇന്ത്യയിൽ സൂക്ഷ്മ തലത്തിലെ ഇളവുകൾ വായ്പാ വളർച്ച വീണ്ടും ശക്തമാകാൻ സഹായിക്കുമെന്നും മൂലധന സ്ഥാപനവും മൂലധനത്തിൻറെ വരവും 2026 സാമ്പത്തിക വർഷത്തിൽ ഏഴു ശതമാനത്തിനു മുകളിൽ വളർച്ചയുണ്ടാകാൻ സഹായിക്കുമെന്നും റിപ്പോർട്ട് പ്രവചിക്കുന്നു.




# എഐ അവസരങ്ങൾ വർധിപ്പിച്ചു: ഡോ. സുചിത്ര എം എസ്

**കൊച്ചി:** ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എഐ അവസരങ്ങളും സാധ്യതകളും വർധിപ്പിച്ചതായി കോട്ടയം ഐഐഐടിയിലെ അസി. പ്രൊഫസർ ഡോ.സുചിത്ര എം എസ്. കരിയർ തിരഞ്ഞെടുക്കുമ്പോൾ അതിന്റെ ഭാവി കൂടി വിലയിരുത്തേണ്ടതുണ്ട്. അങ്ങനെ നോക്കുമ്പോൾ എഐയുടെ പ്രാധാന്യം വലുതാണ്. ഉൽപാദനം കൂട്ടാൻ എഐ സഹായകമാണ്.ഫോക്‌ലോർ ഫെസ്റ്റിന്റെ ഭാഗമായി കൊച്ചിൻ ഷിപ്പ്‌യാർഡിന്റെ സിഎസ്ആർ സഹായത്തോടെ പ്ലാൻ @ എർത്ത് കർത്തേടം സർവ്വീസ് സഹകരണ ബാങ്ക് ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച 'സർഗാത്മകതയും നിർമിത ബുദ്ധിയും' സെമിനാറിൽ സംസാരിക്കുകയായിരുന്നു അവർ.ഡാറ്റ മുഖ്യ ഘടകമായി ഏതിനെങ്കിലും ഇന്റലിജൻസ് നൽകുന്നതാണ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്ന് ഡോ. സുചിത്ര പറഞ്ഞു. 1960 കൾ മുതൽ എഐ നമുക്കിടയിലുണ്ട്. ഓട്ടോമേഷനിലേക്ക് ചാർജ് ചെയ്യപ്പെട്ടിരിക്കുന്നു ഓരോ രംഗവും. അഗാധവും യാന്ത്രികവുമായ പഠനം ഉൾക്കൊള്ളുന്നതാണ് എഐ എന്നും അവർ വ്യക്തമാക്കി.എഐയുടെ സബ്സെറ്റ് ആണ് ജെനറേറ്റീവ് എഐയെന്ന്

ടെക്നോ വാലി, സിഇഒ ഡോ. കെ ആനന്ദ് സെമിനാറിൽ പറഞ്ഞു. തനത് കണ്ടന്റുകൾ നിർമ്മിക്കാൻ ഉപയുക്തമാണ് ജെനറേറ്റീവ് എഐ. യാതൊരുവിധ ആവർത്തനങ്ങളുമില്ല, തികച്ചും സർഗാത്മകം.സർഗാത്മകതയുടെ ജനാധിപത്യവത്കരണ മാണ് ജെനറേറ്റീവ് എഐയുടെ കാതലായ പ്രാധാന്യം. മാനവിക സർഗാത്മകതയും ഐ ക്യുവും കുറയുന്നതിനെ വെല്ലുവിളിക്കുകയും ചെയ്യുന്നുവെന്നും ആനന്ദ് പറഞ്ഞു.ഏതാനും വർഷങ്ങൾ കൊണ്ട് നെറ്റ് വർക്ക് ശേഷി ആയിരക്കണക്കിന് വർധിക്കുന്നതായി ടീം റിലെയൻസ് ജിയോയിലെ സുന്ദർ ബാബു പറഞ്ഞു.

ഡാറ്റ ഉപഭോഗവും പതിൻമടങ്ങായി. '90 കളിൽ മാസത്തിൽ ഒരു ജിബി ആയിരുന്നത് നിലവിൽ 30 ജിബി ആയതായും സുന്ദർ ബാബു വ്യക്തമാക്കി.വിശിഷ്ട വ്യക്തികൾക്ക് കെ എൻ ഉണ്ണിക്കൃഷ്ണൻ എംഎൽഎയും ഫോക്‌ലോർ ഫെസ്റ്റ് വൈസ് ചെയർമാൻ എ പി പ്രിനിലും ഉപഹാരം നൽകി. പ്ലാൻ @ എർത്ത് ഡയറക്ടർ അഗസ്റ്റിൻ ആമുഖ പ്രഭാഷണം നടത്തി.

# രജതജൂബിലി നിറവിൽ കെഎൽഎം ആക്സിവ

**കൊച്ചി:** രാജ്യത്തെ മുൻനിര എൻബിഎഫ് സികളിലൊന്നായ കെഎൽഎം ആക്സിവ ഫിൻവെസ്റ്റ് രജതജൂബിലി നിറവിൽ. ഒരു വർഷം നീണ്ടുനിൽക്കുന്ന ജൂബിലി ആഘോഷങ്ങളുടെ ഔദ്യോഗിക ഉദ്ഘാടനം ജനുവരിയിൽ കൊച്ചിയിൽ നടക്കും.

കെഎൽഎം ആക്സിവ ജീവനക്കാരുടെ സംഗമം (ഫോർച്യൂൺ 25) ആണ് ജൂബിലിവർഷത്തിലെ ആദ്യപരിപാടി. കേരളത്തിലും പുറത്തുമുള്ള കമ്പനിയുടെ മുഴുവൻ ജീവനക്കാരും വിവിധ സംസ്ഥാനങ്ങളിൽ നടക്കുന്ന പരിപാടികളിൽ പങ്കെടുക്കും.

സൗത്ത് ഇന്ത്യൻ ബാങ്ക് മുൻ എംഡിയും സിഇഒയുമായ ഡോ. വി.എ. ജോസഫ് ഉദ്ഘാടനം ചെയ്യും. ജനുവരി ഒന്നിന് കെഎൽഎം ആക്സിവ സ്ഥാപകദിനം എല്ലാ ബ്രാഞ്ചുകളിലും ആഘോഷിക്കും. ഫിനാൻഷ്യൽ ഫ്രീഡം എന്നപേരിൽ കേരളം, തമിഴ്നാട്, കർണാടക, തെലുങ്കാന, ആന്ധ്ര, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിൽ റോഡ്ഷോ സംഘടിപ്പിക്കും.

# ബാംബൂ മേള സമാപിച്ചു

**കൊച്ചി:** ഇരുപത്തിയൊന്നാമത് ബാംബൂ ഫെസ്റ്റ് മറൈൻ ഡ്രൈവിൽ സമാപിച്ചു. വൻ ജനപങ്കാളിത്തമാണ് മേളയിൽ ഉണ്ടായത്. ഇത്തവണ സ്വദേശത്തു നിന്നു മാത്രമല്ല വിദേശത്തു നിന്നും ധാരാളം ഓർഡറുകളെത്തിയതോടെ മേളയുടെ ജനപ്രീതി മറ്റ് രാജ്യങ്ങളിലേയ്ക്കും എത്തി.

ഭൂട്ടാന്റെ സാന്നിധ്യമായിരുന്നു അ ന്താരാഷ്ട്ര തലത്തിൽ മേളയെ എത്തിച്ചതെങ്കിലും വിപണനത്തിൽ വിദേശികളായ ഒട്ടേറെ പേർ ഭാഗമായി. സ്വീഡനിൽ നിന്നെത്തിയ സന്ദർശകർ ഒറ്റദിവസം കൊണ്ട് അഞ്ച് ലക്ഷത്തിന്റെ കയറ്റുമതി ഓർഡറാണ് നൽകിയത്. സ്റ്റോറ്യൂട്ട്സ്, ആഗസ് എന്റർപ്രൈസസ് എന്നീ സ്റ്റാളുകളിൽ നിന്നായി വീടുകളും റിസോർട്ടുകളും മോടിപിടിപ്പിക്കാനുപയോഗിക്കുന്ന ലാംപ് ഷെയ്ഡുകളാണ് ഇവർ വാങ്ങിയത്. ജപ്പാൻ, ഇറ്റലി തുടങ്ങിയ രാജ്യങ്ങളിൽ നിന്നും ഓർഡർ എത്തിയിട്ടുണ്ട്.

അരുണാചൽ പ്രദേശിൽ നിന്നെത്തിയ കലാകാരിയുടെ സ്റ്റാളിൽ നിന്ന് ഒറ്റ ദിവസം കൊണ്ട് 50,000ത്തിലധികം രൂപയുടെ പൂക്കളാണ് വിറ്റുപോയത്. കരകൗശല വിദഗ്ധരുടെ പ്രവർത്തന മികവും ഉൽപ്പന്നത്തിന്റെ ഗുണമേൻമയിലും സൗന്ദര്യത്തിലും ആകൃഷ്ടരായി നിരവധി സന്ദർശകരാണ് ഇത്തവണ ഉൽപ്പന്നങ്ങൾ സ്വന്തമാക്കാനെത്തിയത്. മുള കൊണ്ടുള്ള വിവിധ തരം ഉൽപ്പന്നൾ, അലങ്കാര വസ്തുക്കൾ, വനവിഭവങ്ങൾ,

ചിരട്ട കൊണ്ടുള്ള വിഭവങ്ങൾ, ചൂരൽ ഫർണിച്ചറുകൾ, ക്രിസ്മസ് സാധനങ്ങൾ എല്ലാം വൻതോതിലാണ് വിറ്റുപോയത്. ചണത്തിന്റെ ക്രിസ്മസ് സ്റ്റാറുകൾ ഏകദേശം എല്ലാം തന്നെ വിറ്റുപോയി. കാട്ടു തേൻ, ചെറുതേൻ, അച്ചാറുകൾ, മഞ്ഞൾ, റോസ്മേരി, വിവിധ തരം എണ്ണകൾ, തുടങ്ങിയവയും വിവിധ തരം വനവിഭവങ്ങളും വൻതോതിലാണ് വിറ്റുപോയത്. വിവിധ തരം മുളകളുടെ തൈകളും ധാരാളം വിറ്റുപോയി.

മേളയുടെ അവസാന രണ്ട് ദിവസങ്ങളിലാണ് ഏറ്റവും കൂടുതൽ ഉൽപ്പന്നങ്ങൾ വിറ്റുപോയത്. 180 സ്റ്റാളുകളിലായി കേരളത്തിൽ നിന്നും 300ഉം 10 ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള 50 ഓളം മുള കരകൗശല പ്രവർത്തകരും മുള അനുബന്ധ സ്ഥാപനങ്ങളുമാണ് മേളയിൽ പങ്കെടുത്തത്. ദിനം പ്രതി 5000 മുതൽ 10000 ത്തിന് മുകളിൽ ആളുകളാണ് മേള സന്ദർശിക്കാനെത്തിയത്.

# കാർഷിക മേഖലയ്ക്ക് പുത്തൻ ഉണർവുമായി കൃഷി സമൃദ്ധിയും സമഗ്ര പച്ചക്കറി കൃഷിയും

**കൊച്ചി:** കൃഷിവകുപ്പ് സംസ്ഥാനത്തൊട്ടാകെ 2025 ജനുവരിയിൽ ആരംഭിക്കുന്ന സമ്പൂർണ്ണ പച്ചക്കറി യജ്ഞം പദ്ധതിയിലൂടെ അടുത്ത അഞ്ച് വർഷത്തിനുള്ളിൽ കേരളം പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുമെന്ന് കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് പറഞ്ഞു. ഏലൂർ നഗരസഭാ ഹാളിൽ ചേർന്ന മേഖലാതല യോഗത്തിൽ ആലപ്പുഴ, എറണാകുളം, ഇടുക്കി ജില്ലകളിലെ കൃഷിവകുപ്പ് ഉദ്യോഗസ്ഥരെ അഭിസംബോധന ചെയ്യുകയായിരുന്നു മന്ത്രി. കാർഷിക മേഖലയ്ക്ക് പുത്തൻ ഉണർവുമായി കൃഷി സമൃദ്ധിയും സമഗ്ര പച്ചക്കറി കൃഷിയും മാറുമെന്നും അദ്ദേഹം പറഞ്ഞു.

കൃഷി സമൃദ്ധി പദ്ധതി സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലേക്കും വ്യാപിപ്പിക്കും. കാർഷിക മേഖലയുടെ പ്രദേശികമായ ഉന്നമനവും കാർഷിക ഉത്പാദനത്തിൽ സ്വയം പര്യാപ്തതയും നടപ്പിലാക്കുന്ന ഈ പദ്ധതിയിലൂടെ കേരളത്തിലെ കാർഷിക മേഖലയ്ക്ക് ബഹുദൂരം മുന്നേറാനാകുമെന്നും മന്ത്രി പറഞ്ഞു. കേരളത്തിലെ കാർഷിക മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന കേര പദ്ധതിയിൽ 2365 കോടി രൂപ ലോക ബാങ്ക് സഹായത്തിന് അനുമതി ലഭിച്ചു. 1980 ന് ശേഷം ഇതാദ്യമായാണ് കേരളത്തിൽ കൃഷി വകുപ്പിന് ഇത്രയും ബൃഹത്തായ ഒരു പദ്ധതി ലഭിക്കുന്നതെന്നും മന്ത്രി പറഞ്ഞു.

പ്രാദേശികമായ സാമ്പത്തിക വികസനത്തിന് കൃഷി അത്യാവശ്യമാണ്. ലഭ്യമായ മുഴുവൻ ഇടവും കൃഷിയിടമാക്കുക എന്ന ലക്ഷ്യത്തോടെ തരിശു രഹിത കേരളം സൃഷ്ടിക്കുക. കൃഷി ഭവൻ തലത്തിൽ രൂപീകരിച്ച കൃഷിക്കൂട്ടങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുകയും തദ്ദേശ സ്വയം ഭരണ വകുപ്പുമായി ചേർന്ന് കൂടുതൽ മാതൃകാ പദ്ധതികളുടെ ഭാഗമാക്കുകയും വേണം. കർഷകർക്ക് വേണ്ടി കർഷക ഗ്രാമസഭകൾക്കും തദ്ദേശ സ്വയം ഭരണ വകുപ്പിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട്. ഭക്ഷ്യസുരക്ഷയും ഭക്ഷ്യ സ്വയംപര്യാപ്തതയും ലക്ഷ്യംവെച്ചുള്ള പ്രവർത്തനങ്ങൾ ജൈവ കാർഷിക മിഷന്റെയും പോഷകസമൃദ്ധി മിഷന്റെയും ഭാഗമായി നടപ്പിലാക്കിവരുന്നത്.

യോഗത്തിൽ കൃഷി വകുപ്പ് ഡയറക്ടർ ഡോ. അദീല അബ്ദുള്ള, വകുപ്പ് അഡീഷണൽ ഡയറക്ടർമാരായ തോമസ് സാമുവൽ, റ്റി.ഡി. മീന, ബിൻസി എബ്രഹാം, ബീനമോൾ ആന്റണി, അനിത ജയിംസ്, സ്റ്റേറ്റ് അഗ്രികൾച്ചർ എൻജിനീയർ ബാബു, കൃഷി വകുപ്പ് സ്പെഷ്യൽ പ്രൈവറ്റ് സെക്രട്ടറി സാബിർ ഹുസൈൻ ബന്ധപ്പെട്ട ജില്ലകളിലെ പ്രിൻസിപ്പൽ കൃഷി ഓഫീസർമാരായ സി. അമ്പിളി, കെ.പി. സെലീനാമ്മ, ബിജിമോൾ കെ ബേബി, വകുപ്പിലെ മറ്റ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

സൊസൈറ്റി ടുഡേ
SOCIETY TODAY



# മൂന്ന് അനിമേഷൻ ഗിൽഡ് പുരസ്ക്കാരങ്ങൾ നേടി യൂനോയിൻസ് സ്റ്റുഡിയോ

**കൊച്ചി:** കേരള സ്റ്റാർട്ടപ്പ് മിഷനിൽ രജിസ്റ്റർ ചെയ്ത യുനോയിയൻസ് സ്റ്റുഡിയോ അനിമേറ്റേഴ്സ് ഗിൽഡ് ഇന്ത്യ ഫെസ്റ്റ് 2024 ൽ മൂന്ന് പുരസ്ക്കാരങ്ങൾ നേടി. മമ്മൂട്ടിച്ചിത്രമായ ഭ്രമയുഗത്തിലെ അനിമേഷനാണ് യുനോയിയൻസിനെ പുരസ്ക്കാരത്തിനർഹമാക്കിയത്.മികച്ച ചലച്ചിത്ര ഡിസൈൻ, മികച്ച കലാസംവിധാനം/അനിമേറ്റഡ് പ്രൊഡക്ട് ഡിസൈൻ, ഇനോവേറ്റീവ് ടെക്നിക്കൽ കോൺട്രിബ്യൂഷൻ ടു ആൻ അനിമേറ്റഡ് പ്രൊജക്ട് എന്നീ വിഭാഗങ്ങളിലുള്ള പുരസ്ക്കാരമാണ് ഇവർക്ക് ലഭിച്ചത്.സർഗ്ഗാത്മക മികവിനും സാങ്കേത്തികത്തികവിനും ലഭിച്ച സാക്ഷ്യപത്രമാണ് എജിഐ പുരസ്ക്കാരങ്ങളെന്ന് യൂനോയിയൻസ് സഹസ്ഥാപകൻ അസീം കാട്ടാളി പറഞ്ഞു. അനിമേഷൻ രംഗത്തെ അതിർവരമ്പുകൾ മറികടക്കാനുള്ള തൻറെ സംഘത്തിൻറെ നിശ്ചയദാർഢ്യമാണ് ഈ പുരസ്ക്കാരത്തിന് പിന്നിലെ രഹസ്യം. തങ്ങളിൽ വിശ്വാസമർപ്പിച്ച നൈറ്റ് ഷിഫ്റ്റ് സ്റ്റുഡിയോസിനും രാഹുൽ സദാശിവനും നന്ദി അറിയിക്കുന്നതായും അദ്ദേഹം പറഞ്ഞു.ടി ഡി രാമകൃഷ്ണൻറെ തിരക്കഥയിൽ രാഹുൽ സദാശിവൻ സംവിധാനം ചെയ്ത ഭ്രമയുഗം മികച്ച നിരൂപക പ്രശംസയും തിയേറ്റർ സ്വീകാര്യതയും ഒരേ പോലെ നേടിയ ചിത്രമായിരുന്നു. കഴിഞ്ഞ ഒരു ദശാബ്ദക്കാലം കൊണ്ട് മലയാളത്തിലെ മുൻനിര അനിമേഷൻ സ്റ്റുഡോയോ ആയി യൂനോയിയെൻസ് മാറി. സിനിമ, പരസ്യം, ഡിജിറ്റൽ മീഡിയ, തുടങ്ങി വൈവിദ്ധമാർന്ന മാധ്യമ മേഖലകളിൽ സജീവ സാന്നിധ്യമറിയിച്ച സ്റ്റുഡിയോ ആണ് യൂനോയിയൻസ്.

# ഇന്റർവെൻഷണൽ കാർഡിയോളജി വിദഗ്ദ്ധരുടെ സംസ്ഥാന സമ്മേളനം

**കൊച്ചി:** ഹൃദയാഘാതവും സങ്കീർണ ഹൃദ്രോഗങ്ങളും കൈകാര്യം ചെയ്യുന്ന ഹൃദ്രോഗ വിദഗ്ദ്ധരുടെ സംസ്ഥാന സംഘടനയായ ഇന്റർവെൻഷണൽ കാർഡിയോളജി കൗൺസിൽ ഓഫ് കേരളയുടെ (ഐ.സി.സി.കെ.) സംസ്ഥാന സമ്മേളനവും ഫെല്ലോസ് പ്രോഗ്രാമും ഡിസംബർ 13 മുതൽ 15 വരെ കൊച്ചിയിലെ ഹോട്ടൽ മാരിയറ്റിൽ നടക്കും.സമ്മേളനത്തിന്റെ ഔപചാരിക ഉദ്ഘാടനം ഐ.സി.സി.കെ. പ്രസിഡന്റ് ഡോ.ആശിഷ് കുമാർ. എം ശനിയാഴ്ച നിർവഹിക്കും.തുറന്നുള്ള ശാസ്ത്രക്രിയകൾ വഴിയല്ലാതെ ഹൃദയധമനികളിലേ ബ്ലോക്കുകൾ നീക്കം ചെയ്യാൻ അവലംബിക്കുന്ന കാത്തിറ്റർ ചികിത്സയിലെ ശാസ്ത്ര മുന്നേറ്റങ്ങളും രോഗനിർണയത്തിലും ചികിത്സയിലും പ്രയോജനപ്പെടുത്തുന്ന അത്യന്താധുനിക സാങ്കേതിക വിദ്യകളും സമ്മേളനം ചർച്ച ചെയ്യുമെന്ന് ഓർഗനൈസിംഗ് സെക്രട്ടറി ഡോ. രാജേഷ് ടി. പറഞ്ഞു. ഹൃദയാഘാതവും മറ്റ് ഹൃദയ സംബന്ധമായ അസുഖങ്ങളും തടയുന്നതിനും നിയന്ത്രിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള തന്ത്രങ്ങളെക്കുറിച്ച് ആലോചിക്കുന്നതിന് 300ലധികം വിദഗ്ധരായ ഹൃദ്രോഗ വിദഗ്ധരെയും ഗവേഷകരെയും ഈ പരിപാടി ഒരുമിച്ച് കൊണ്ടുവരും.നാല് സെഷനുകൾ അടങ്ങുന്ന സമഗ്രമായ ഫെല്ലോസ് കോഴ്സോടെ വെള്ളിയാഴ്ചയാണ് സമ്മേളനം ആരംഭിക്കുക. കാഠിന്യമേറിയ കാൽസിഫൈഡ് ബ്ലോക്കുകൾ ഡ്രിൽ ചെയ്ത് നീക്കുന്ന ശാസ്ത്രക്രിയകൾ, സ്റ്റെമി മാനേജ്മെന്റ്, രക്തം കട്ട പിടിച്ചുണ്ടാകുന്ന പ്രശ്നങ്ങൾ, നൂതന സ്റ്റെന്റുകൾ, നെഞ്ച് തുറക്കാതെ തന്നെ കേടായ ഹൃദയ വാൽവ് മാറ്റിസ്ഥാപിക്കുന്നതിനുള്ള നടപടികൾ, ലെഡ്ലെസ് പേസ്മേക്കർ സാങ്കേതികവിദ്യ, ഹൃദ്രോഗ നിർണ്ണയത്തിനും ഇന്റർവെൻഷൻ ശസ്ത്രക്രിയക്കും ആവശ്യമായ കോറോണറി ഇമേജിംങ് സാങ്കേതിക വിദ്യകൾ, ബ്ലോക്കുകളുടെ കാഠിന്യം നിശ്ചയിക്കുന്ന ഫിസിയോളജി സാങ്കേതിക വിദ്യകൾ എന്നിവയെല്ലാം സമ്മേളനത്തിൽ ചർച്ചാ വിഷയമാകും.സംസ്ഥാനത്തിന്റെ വിവധ ഭാഗങ്ങളിൽ നിന്നായി മുന്നൂറിലധികം ഹൃദ്രോഗ വിദഗ്ധർ സമ്മേളനത്തിൽ പങ്കെടുക്കും.

# വി കെ സി എംഡി റസാഖ് സല്യൂട്ട് കേരള 2024ലെ മികച്ച ബിസിനസ് നേതാക്കളുടെ പട്ടികയിൽ

**കോഴിക്കോട്:** കേരളത്തിന്റെ വ്യാവസായിക, സാമ്പത്തിക പുരോഗതിക്ക് മികച്ച സംഭാവനകൾ നൽകുന്ന വ്യക്തികൾക്കുള്ള അംഗീകാരമായ സല്യൂട്ട് കേരള 2024ലെ ഏറ്റവും മികച്ച ബിസിനസ് നേതാക്കളുടെ പട്ടികയിൽ വികെസി മാനേജിംഗ് ഡയറക്ടർ വി കെ സി റസാഖ്. ഇന്തോ ഗൾഫ് ആൻഡ് മിഡിൽ ഈസ്റ്റ് ചേംബർ ഓഫ് കൊമേഴ്സ് (ഐഎൻഎംഇസിസി) സംഘടിപ്പിച്ച ചടങ്ങിൽ അദ്ദേഹം അവാർഡ് ഏറ്റുവാങ്ങി. വി കെ സിയെ ഇന്ത്യൻ പാദരക്ഷാ വിപണിയിൽ ഒരു പ്രമുഖ ബ്രാൻഡാക്കി മാറ്റുന്നതിൽ വി കെ സി റസാഖിന്റെ നേതൃത്വം വഹിച്ച പങ്ക് പരിഗണിച്ചാണ് അവാർഡ്. പുതുമ, ഗുണനിലവാരം, സുസ്ഥിരത, നൂതന ഉൽപാദന സാങ്കേതികവിദ്യകൾ എന്നിവ നടപ്പിലാക്കുന്ന വി കെ സി , സംസ്ഥാനത്തുടനീളം ആയിരക്കണക്കിന് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതടക്കം പരിഗണിച്ചാണ് റസാഖിനെ അവാർഡിന് തിരഞ്ഞെടുത്തത്.ബഹുമതി തന്റേത് മാത്രമല്ല, വി കെ സി കുടുംബത്തിലെ ഓരോ അംഗത്തിനും അവകാശപ്പെട്ടതാണെന്ന് വികെസി റസാഖ് പറഞ്ഞു. പുതുമയുടെയും ആധുനികതയുടെയും യാത്ര തുടരുമെന്നും അദ്ദേഹം പറഞ്ഞു.

# ട്രാൻസ് യൂണിയൻ സിബിൽ: ഭാവേഷ് ജെയിൻ സിഇഒ

**കൊച്ചി:** ഇന്ത്യയിലെ മുൻനിര ഇൻസൈറ്റ്സ് ആൻഡ് ഇൻഫർമേഷൻ കമ്പനിയായ ട്രാൻസ് യൂണിയൻ സിബിൽ മാനേജിംഗ് ഡയറക്ടറും സിഇഒയുമായി ഭാവേഷ് ജെയിനെ നിയമിച്ചതായി പ്രഖ്യാപിച്ചു. അഞ്ച് വർഷത്തെ സേവനത്തിനു ശേഷം മുൻ മാനേജിംഗ് ഡയറക്ടറും സിഇഒയുമായ രാജേഷ് കുമാർ രാജിവെച്ച ഒഴിവിലേക്കാണ് ഭാവേഷ് എത്തുന്നത്.

കഴിഞ്ഞ അഞ്ച് വർഷമായി ട്രാൻസ് യൂണിയൻ സിബിലിൽ ചീഫ് റവന്യൂ ഓഫീസറായ ഭാവേഷ് ജെയിൻ ദശാബ്ദങ്ങൾ നീണ്ടുനിൽക്കുന്ന തന്റെ കരിയറിൽ തോംസൺ റോയിറ്റേഴ്സ്, സിറ്റി ആൻഡ് കോൺ എന്നിവിടങ്ങളിൽ സേവനമനുഷ്ഠിച്ചതിലൂടെ മികവുറ്റ സാമ്പത്തിക സേവന അനുഭവം നേടിയിട്ടുണ്ട്.വർദ്ധിച്ചു വരുന്ന ഡിജിറ്റൽ ലോകത്ത് ബിസിനസ്സും ഉപഭോകതാക്കളും തമ്മിലുള്ള വിശ്വാസം ശക്തിപ്പെടുത്താൻ തങ്ങൾ ആഗ്രഹിക്കുന്നു, അതുവഴി അവർക്ക് മികച്ച കാര്യങ്ങൾ നേടാനാകും. ഇത്രയും കഴിവുള്ള ഒരു ടീമിനെ നയിക്കുന്നതിലും എല്ലാവരുടെയും പ്രയോജനത്തിനായി ഇതിനകം വിപണിയിൽ ചെയ്തിട്ടുള്ള മഹത്തായ ജോലികൾ തുടരാൻ കഴിയുന്നതിലും താൻ സന്തുഷ്ടനാണ്. തന്റെ നിയമനത്തെക്കുറിച്ച് ഭാവേഷ് ജെയിൻ പറഞ്ഞു

# സൂപ്പർ ഹീറോ പ്രീ പെയ്ഡ് പ്ലാൻ അവതരിപ്പിച്ച് വി

**കൊച്ചി:** മുൻനിര ടെലികോം സേവന ദാതാക്കളായ വി പ്രീ പെയ്ഡ് വരിക്കാർക്ക് രാത്രി 12 മണി മുതൽ ഉച്ചയ്ക്ക് 12 മണി വരെയുള്ള അര ദിവസം പരിധിയില്ലാത്ത ഡാറ്റ ലഭ്യമാക്കുന്ന സൂപ്പർ ഹീറോ പ്ലാൻ അവതരിപ്പിച്ചു. ഉപയോഗിക്കാത്ത ഡാറ്റ വാരാന്ത്യത്തിൽ പ്രയോജനപ്പെടുത്താനാ വുന്ന വീക്കെൻറ് ഡാറ്റാ റോൾ ഓവർ, അധിക ചെലവില്ലാതെ മാസത്തിൽ രണ്ടു തവണ 2 ജിബി വരെ അധിക ഡാറ്റ അൺ ലോക്ക് ചെയ്യാനുള്ള ഡാറ്റ ഡിലൈറ്റ് എന്നിവയും ഇതോടൊപ്പം ലഭിക്കും. പ്രതിദിനം 2 ജിബിയോ മുകളിലോ ഡാറ്റ ക്വാട്ടയുള്ള റീചാർജ് പാക്കുകളിലാണ് സൂപ്പർ ഹീറോ പ്ലാൻ ലഭിക്കുന്നത്. കേരളത്തിൽ 375 രൂപ മുതലാണ് ഇതിൻറെ നിരക്ക്. രാവിലെയുള്ള സമയങ്ങളിൽ വനിതകളുടെ ഡാറ്റ ഉപയോഗത്തിനു പിന്തുണ നൽകാനും ഡാറ്റാ പ്രിയരായ യുവാക്കളുടെ ആവശ്യങ്ങൾ നിറവേറ്റാനും ഇതു സഹായിക്കും.

# രക്തദാന ഡ്രൈവ് സംഘടിപ്പിച്ചു

**കൊച്ചി:** എച്ച്ഡിഎഫ്സി ബാങ്ക്, തങ്ങളുടെ മുൻനിര സിഎസ്ആർ സംരംഭമായ പരിവർത്തന് കീഴിൽ രാജ്യവ്യാപകമായി രക്തദാന ഡ്രൈവിന്റെ 16മത് പതിപ്പ് സംഘടിപ്പിച്ചു . ഈ രക്തധാന ഡ്രൈവിൽ , ഇന്ത്യയിലെ 1100ലധികം നഗരങ്ങളിൽ വ്യാപിപ്പിച്ചു .എച്ച്ഡിഎഫ്സി ബാങ്ക് ജീവനക്കാർ, ഉപഭോക്താക്കൾ, കോർപ്പറേറ്റുകൾ, പ്രതിരോധ സേനയിലെ അംഗങ്ങൾ, വിദ്യാർത്ഥികൾ, പൊതു സമൂഹത്തിലെ അംഗങ്ങൾ എന്നിവർ പങ്കെടുക്കുന്നവരിൽ ഉൾപ്പെടും.ഈ വർഷം രാജ്യത്തുടനീളം വ്യാപകമായ സ്വാധീനം ഉറപ്പാക്കുന്നതിനായി, സർക്കാർ അതോറിറ്റികൾ, വിവിധ എൻജിയോ കൾ എന്നിവയ്ക്കൊപ്പം പ്രവർത്തിക്കുന്നതിനൊപ്പം, പ്രശസ്ത രക്തബാങ്കുകളുമായി സഹകരിച്ചു .

# വാണിജ്യ വാഹനങ്ങൾക്ക് വില വർധനവ് പ്രഖ്യാപിച്ച് ടാറ്റാ മോട്ടോർസ്

**കൊച്ചി:** രാജ്യത്തെ ഏറ്റവും വലിയ വാണിജ്യ വാഹന നിർമാതാക്കളായ ടാറ്റ മോട്ടോർസ് തങ്ങളുടെ ട്രക്ക്, ബസ് പോർട്ട്ഫോളിയോകളിൽ 2 ശതമാനത്തിന്റെ വില വർധനവ് പ്രഖ്യാപിച്ചു. 2025 ജനുവരി 1 മുതൽ ഈ നിരക്ക് വർധനവ് പ്രാബല്യത്തിൽ വരും. നിർമാണ ചിലവിലുണ്ടായിരിക്കുന്ന വർധനവിനെ അഭിമുഖീകരിക്കുവാൻ ലക്ഷ്യമിട്ടാണ് ഈ വില വർധനവ് നടപ്പിലാക്കാനൊരുങ്ങുന്നത്. ഓരോ മോഡലുകളും വേരിയന്റുകളും അനുസരിച്ച് വില വർദ്ധനവിൽ വ്യത്യാസമുണ്ടാകുമെങ്കിലും, ട്രക്കുകളുടെയും ബസുകളുടെയും മുഴുവൻ ശ്രേണികളിലും ഈ നിരക്കുവർധന ബാധകമായിരിക്കും.



# കൊച്ചി മാരിയറ്റ് ഹോട്ടൽ വാർഷികാഘോഷങ്ങൾക്ക് തുടക്കം

കൊച്ചി: കൊച്ചി മാരിയറ്റ് ഹോട്ടൽ, ക്രിസ്തുമസ് മരത്തെ പ്രഭയണിയിച്ച് വാർഷികാഘോഷങ്ങൾക്ക് തുടക്കമിട്ടു. 2014 ലെ ഡിസംബർ 21നാണ് കൊച്ചി മാരിയറ്റ് ഹോട്ടൽ തുറന്നത്. വാർഷികത്തോടൊപ്പം പതിവുപോലെ ക്രിസ്തുമസ്പുതുവത്സര ആഘോഷങ്ങൾക്കും തുടക്കമിട്ട ചടങ്ങിൽ നടിയും മോഡലുമായ മിയ ജോർജ് ആയിരുന്നു മുഖ്യാതിഥി.

വർണാഭമായ കരോളും രാജഗിരി കോളേജിലെ വിദ്യാർത്ഥികളുടെ നൃത്തപ്രകടനവും ട്രീ ലൈറ്റിങ്ങിന്റെ ഭാഗമായിരുന്നു. 10 ദിവസം നീണ്ടുനിൽക്കുന്ന ആഘോഷപരിപാടികൾക്കാണ് കൊച്ചി മാരിയറ്റ് ഹോട്ടൽ തുടക്കമിട്ടിരിക്കുന്നത്. ഈ ദിവസങ്ങളിൽ, ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള വിഭവങ്ങൾ ഉൾപ്പെടുത്തി ഒരു ഫുഡ് ഫെസ്റ്റിവലും സംഘടിപ്പിക്കുന്നുണ്ട്.

രാജഗിരി കോളേജിനും കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിനുമൊപ്പം സഹകരിച്ച് കൊച്ചി മാരിയറ്റ് ഹോട്ടൽ നടത്തുന്ന 'റീത്രെഡ്സ്' പദ്ധതിയുടെ പ്രത്യേക സ്റ്റാളും ഹോട്ടലിൽ ഒരുക്കിയിരുന്നു. സുസ്ഥിരതയ്ക്കും പ്രകൃതിസംരക്ഷണത്തിനും വേണ്ടി പഴയ തുണിത്തരങ്ങൾ പുനരുപയോഗ സാധ്യതയുള്ളതാക്കി മാറ്റുന്നതിനുള്ള ശ്രമമാണ് റീത്രെഡ്സ്. പദ്ധതിയിൽ നിന്ന് കിട്ടുന്ന വരുമാനം ഉപയോഗിച്ച് സർക്കാർ സ്കൂളുകളിൽ സാനിറ്ററി പാഡ് ഡിസ്പെൻസറി മെഷീനുകളും കോളേജുകളിൽ സ്മാർട്ട് ബോർഡുകളും സ്ഥാപിക്കും.

ഇക്കൊല്ലത്തെ ക്രിസ്തുമസ്പുതുവത്സരക്കാലം മുൻപത്തേക്കാളേറെ സവിശേഷതകൾ നിറഞ്ഞതാണെന്ന് ഹോട്ടലിന്റെ ജനറൽ മാനേജർ സച്ചിൻ മൽഹോത്ര പറഞ്ഞു. ഡയറക്ടർ ഓഫ് ഓപ്പറേഷൻസ് അഭിലാഷ് മട്ടം, സെയിൽസ് ആൻഡ് മാർക്കറ്റിംഗ് വിഭാഗം ഡയറക്ടർ സൂരജ് നായർ, ഫുഡ് ആൻഡ് ബിവറേജ് വിഭാഗം അസിസ്റ്റന്റ് ഡയറക്ടർ ശ്യാംജിത്ത് വേണുഗോപാൽ, ക്ലസ്റ്റർ മാർകോം മാനേജർ നിക്കി എസ്തർ ജോൺ, സോഷ്യൽ മീഡിയ ഇൻഫ്ലുവൻസർസ്, ഹോട്ടലിലെ ദീർഘകാല അതിഥികൾ എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു. പരിപാടിയിൽ പങ്കെടുത്ത എല്ലാവർക്കും വേണ്ടി ഒരുക്കിയ പ്രത്യേക ചായസൽക്കാരത്തോടെയാണ് ചടങ്ങുകൾ അവസാനിച്ചത്.

# വ്യാവസായിക എക്സ്പോ നാളെ തുടങ്ങും

**കൊച്ചി:** സംസ്ഥാനത്തെ വ്യാവസായിക മേഖലയുടെ നൂതനവികസനവും പരസ്പരസഹകരണവും ലക്ഷ്യമിട്ട് നടത്തുന്ന ഇന്ത്യ ഇന്റർനാഷണൽ ഇൻഡസ്ട്രിയൽ എക്സ്പോ കാക്കനാട് കിൻഫ്ര അന്താരാഷ്ട്ര എക്സിബിഷൻ സെന്ററിൽ നാളെ ആരംഭിക്കും. എക്സ്പോയുടെ ഭാഗമായി എറണാകുളം പ്രസ് ക്ലബ്ബിന്റെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന മീഡിയ കോൺക്ലേവ് നാളെ ഉച്ചകഴിഞ്ഞ് മൂന്നിനു നടക്കും.'ഈസ് ഓഫ് ഡൂയിങ് ബിസിനസ് ഇൻ ദി ഗ്രാസ് റൂട്ട് ലെവൽ' എന്ന വിഷയം ചർച്ച ചെയ്യുന്ന സമ്മേളനം വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എ.പി.എം മുഹമ്മദ് ഹനീഷ് ഐ.എ.എസ് ഉദ്ഘാടനം ചെയ്യും. സെഷനിൽ മാധ്യമ വിദഗ്ധർ, ഡിഐസി ഉദ്യോഗസ്ഥർ, കെഎസ്എസ്ഐഎ അംഗങ്ങൾ, സംരംഭകർ എന്നിവർ പങ്കെടുക്കും. ഇന്ത്യക്കകത്തും വിദേശത്തും വ്യാവസായിക ഉപകരണങ്ങൾ നിർമിക്കുന്ന മുന്നൂറോളം കമ്പനികൾ പങ്കെടുക്കും. വിദഗ്ധർ നയിക്കുന്ന സെമിനാറുകൾ, പ്രെസെന്റേഷനുകൾ, ശില്പശാലകൾ എന്നിവയും ഇന്ത്യ ഇന്റർനാഷണൽ ഇൻഡസ്ട്രിയൽ എക്സ്പോയോടനുബന്ധിച്ച് ഒരുക്കിയിട്ടുണ്ട്. വിവിധതരം സെൻസറുകൾ, റോബോട്ടുകൾ, സോഫ്ട്വെയറുകൾ എന്നിവയുടെ പ്രദർശനം പ്രധാന ആകർഷണമായിരിക്കും. വ്യാവസായിക വളർച്ചയ്ക്ക് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എങ്ങനെ ഉപയോഗിക്കാം എന്നിവയുൾപ്പെടെയുള്ള വിഷയങ്ങൾ ചർച്ചയാകും. ഇന്ത്യയിൽ ഇന്ന് ലഭ്യമായ ഏറ്റവും പുതിയ വ്യാവസായിക കണ്ടുപിടുത്തങ്ങൾക്കാണ് വരുന്ന മൂന്ന് ദിവസങ്ങളിലായി കേരളം ആതിഥേയത്വം വഹിക്കാനൊരുങ്ങുന്നത്. വ്യവസായങ്ങൾ തുടങ്ങാനും നിലവിലുള്ളവ വികസിപ്പിക്കാനും ഉദ്ദേശിക്കുന്നവർക്ക് സാമ്പത്തികസഹായം ലഭ്യമാക്കുന്നതിനായി വിവിധ ബാങ്കുകളുടെ പ്രത്യേക ഡെസ്കുകളും വേദിയിലുണ്ടാകും. രാജ്യത്തിൻറെ മൊത്തം ഭാവി വാണിജ്യ, വ്യവസായ വളർച്ചയ്ക്ക് ഇന്ത്യ ഇന്റർനാഷണൽ ഇൻഡസ്ട്രിയൽ എക്സ്പോ ഉത്തേജനമാകുമെന്നാണ് പ്രതീക്ഷ. എക്സ്പോയിൽ പങ്കെടുക്കുന്നതിനുള്ള പ്രവേശനം സൗജന്യമാണ്. പങ്കെടുക്കുന്നവർക്ക് പൊതു, സ്വകാര്യ രംഗങ്ങളിലെ പ്രതിനിധികളുമായി സംസാരിക്കാനുള്ള അവസരമുണ്ടാകും. ആവശ്യമുള്ളവർക്ക് പ്രദർശനത്തിനെത്തുന്ന ഉപകരണങ്ങളും യന്ത്രസാമഗ്രികളും തങ്ങളുടെ വാണിജ്യാവശ്യങ്ങൾക്കായി പ്രയോജനപ്പെടുത്താം. കച്ചവടം വർധിപ്പിക്കാനും വിപണിയിലെ സ്വാധീനം ഊട്ടിയുറപ്പിക്കാനും ദീർഘകാല ബന്ധങ്ങൾ സ്ഥാപിക്കാനും പ്രതിനിധികൾക്ക് എക്സ്പോ അവസരം നൽകും. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും www.iiie.in എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ +91 9947733339 എന്ന നമ്പറിലോ info@iiie.in എന്ന ഇമെയിൽ ഐഡിയിലോ ബന്ധപ്പെടാവുന്നതാണ്.



# ഐക്യൂ 13 വിൽപ്പന ആരംഭിച്ചു

**കൊച്ചി:** എക്കാലത്തേയും ഏറ്റവും വേഗതയേറിയ പ്രൊസസ്സറുമായി ക്യൂവൽകോം സ്നാപ്ഡ്രാഗൻ 8 എലൈറ്റ് ചിപ്സെറ്റിന്റെ പിന്തുണയോടെ ഇന്ത്യയിലെ ഹൈ പെർഫോർമന്സ് സ്മാർട്ട് ഫോൺ ബ്രാൻഡ് ആയ ഐക്യു രാജ്യത്തെ ഏറ്റവും വേഗതയേറിയ സ്മാർട്ട് ഫോണുകളിൽ ഒന്നായ ഐക്യൂ 13ന്റെ വിൽപ്പന ആരംഭിച്ചു .ഐക്യൂ 13 വിവോ എക്സ്ക്ലൂസീവ് സ്റ്റോറുകൾ, ഐക്യൂ ഇസ്റ്റോർ, ആമസോൺ എന്നിവയിൽ ലഭ്യമാകും.ലോകത്തിലെ ആദ്യ ക്യൂ 10 2കെ 144 ഹെർട്ട്സ് അൾട്രാ ഐ കെയർ ഡിസ്പ്ലെ അടക്കമുള്ള സവിശേഷതകളുമായാണ് ഇതെത്തുന്നത്. 12 ജിബി, 256 ജിബി വേരിയന്റിന് 54,999 രൂപയാണ് വില. ഇതിന്റെ നെറ്റ് എഫക്ടീവ് വില 51,999 രൂപയായിരിക്കും. 16 ജിബി, 512 ജിബി വേരിയന്റിന് 59,999 രൂപയാണ് വില.

# യുടിഐ ഫ്ളെക്സി ക്യാപ് ഫണ്ടിന്റെ നിക്ഷേപം 26,200 കോടി രൂപയായി

**കൊച്ചി:** ഓപ്പൺ എൻഡഡ് ഇക്വിറ്റി പദ്ധതിയായ യുടിഐ ഫ്ളെക്സി ക്യാപ് ഫണ്ട് കൈകാര്യം ചെയ്യുന്ന ആകെ ആസ്തികൾ 26,200 കോടി രൂപയിലെത്തിയതായി 2024 നവംബർ 30ലെ കണക്കുകൾ സൂചിപ്പിക്കുന്നു. ലാർജ് ക്യാപ്, മിഡ് ക്യാപ്, സ്മോൾ മേഖലകളിലായി കുറഞ്ഞത് 65 ശതമാനം ഓഹരി നിക്ഷേപമാണ് ഫണ്ടിനുണ്ടാകുക.ഐസിഐസിഐ ബാങ്ക്, എച്ച്ഡിഎഫ്സി ബാങ്ക്, എൽടിഐ മൈൻഡ്ട്രീ, ബജാജ് ഫിനാൻസ്, സൊമാറ്റോ, ഇൻഫോസിസ്, ഇൻഫോ എഡ്ജ് ഇന്ത്യ, കോട്ടക് മഹീന്ദ്ര ബാങ്ക്, കോഫോർജ്, ട്രെൻറ് തുടങ്ങിയവയിലാണ് ഫണ്ടിൻറെ നിക്ഷേപത്തിൽ 42 ശതമാനവും എന്നും നവംബർ 30ലെ കണക്കുകൾ ചൂണ്ടിക്കാട്ടുന്നു. അടിസ്ഥാന ഓഹരി നിക്ഷേപം കെട്ടിപ്പടുക്കുകയും ദീർഘകാല മൂലധന വളർച്ച ലക്ഷ്യമിടുകയും ചെയ്യുന്നവർക്ക് അനുയോജ്യമായ പദ്ധതിയായാണ് യുടിഐ ഫ്ളെക്സി കാപ് ഫണ്ടിനെ വിലയിരുത്തുന്നത്.



# ഏഥർ എനർജി കൊളംബോയിൽ തുറന്നു

**കൊച്ചി :** ഇന്ത്യയിലെ വൈദ്യുത ഇരുചക്രവാഹന വ്യവസായത്തിലെ മുൻനിരക്കാരായ, ഏഥർ എനർജി ലിമിറ്റഡ്, അതിന്റെ അന്താരാഷ്ട്ര വിപുലീകരണ തന്ത്രത്തിലെ ഒരു സുപ്രധാന നാഴികക്കല്ല് അടയാളപ്പെടുത്തിക്കൊണ്ട് ശ്രീലങ്കയിലെ കൊളംബോയിൽ അതിന്റെ ആദ്യ എക്സ്പീരിയൻസ് സെന്ററായ, ഏതർ സ്പേസ് തുറന്നു. ഇത് 2023 നവംബറിൽ നേപ്പാളിൽ അരങ്ങേറ്റം കുറിച്ചതിന് ശേഷം കമ്പനിയുടെ രണ്ടാമത്തെ അന്താരാഷ്ട്ര വിപണിയിലേക്കുള്ള പ്രവേശനത്തെ അടയാളപ്പെടുത്തുന്നു. എക്സ്പീരിയൻസ് സെൻററിൽ, ശ്രീലങ്കൻ ഉപഭോക്താക്കൾക്ക് ഏഥറിൻറെ മുൻനിര സ്കൂട്ടറായ, പെർഫോമൻസ് സെഗ്മെൻറിൻറെ ആവശ്യകതകൾ നിറവേറ്റുന്ന, ഏഥർ 450ത ടെസ്റ്റ് റൈഡ് ചെയ്യാനും വാങ്ങാനും സാധിക്കും.



# പൈനാപ്പിൾ കൃഷിയിൽ ഡ്രോൺ ഉപയോഗിച്ച് വളപ്രയോഗം; സാങ്കേതിക വിദ്യ പരിചയപ്പെടുത്തി കെവികെ

**കൊച്ചി:** പൈനാപ്പിൾ കൃഷിയിൽ ഡ്രോൺ സാങ്കേതികവിദ്യ പരിചയപ്പെടുത്തി സിഎംഎഫ്ആർഐക്ക് കീഴിലെ എറണാകുളം കൃഷി വിജ്ഞാന കേന്ദ്രം (കെവികെ). പൈനാപ്പിൾ ഇലകളിൽ ഡ്രോൺ ഉപയോഗിച്ചുള്ള വളപ്രയോഗ പ്രദർശനം കർഷകർക്ക് നവ്യാനുഭവമായി. ഡ്രോൺ ഉപയോഗത്തിലൂടെ കൃഷിയിൽ വെള്ളം, അധ്വാനം, സമയം എന്നിവ ഗണ്യമായി കുറക്കാനാകുമെന്ന് തെളിയിക്കുന്നതായിരുന്നു കോതമംഗലത്തിനടുത്ത് കീരംപാറയിൽ കെവികെ നടത്തിയ പ്രദർശനം.മുള്ളുകളുള്ള ഇലകളോടുകൂടി ഇടതൂർന്ന് തിങ്ങി വളരുന്ന പൈനാപ്പിളിൽ പരമ്പരാഗത രീതിയിലുള്ള വളപ്രയോഗം വെല്ലുവിളി നിറഞ്ഞതും സമയമെടുക്കുന്നതുമാണ്. എന്നാൽ, അധ്വാനവും സമയവും കുറച്ച്, ഇലകളിൽ തളിക്കുന്ന തരത്തിലുള്ള വളങ്ങളുടെ ഡ്രോൺ ഉപയോഗിച്ചുള്ള പ്രയോഗം എളുപ്പവും കൂടുതൽ കാര്യക്ഷമവുമാണെന്ന് കെവികെയുടെ പ്രദർശനം തെളിയിച്ചു.120 ദിവസം പ്രായമായ പൈനാപ്പിളുകളിലാണ് ഡ്രോൺ ഉപയോഗിച്ച് വളപ്രയോഗം നടത്തിയത്. ഒരു ഹെക്ടർ കൃഷിയിടത്തിൽ 34 ലിറ്റർ ജലം മാത്രമുപയോഗിച്ച് 1.7 കി.ഗ്രാം എൻ.പി.കെ മിശ്രിതം പ്രയോഗിക്കുവാൻ ഡോണിനു കഴിഞ്ഞു. പരമ്പരാഗതരീതിയെ അപേക്ഷിച്ച് 300 ലിറ്റർ വരെ വെള്ളം ഇതിലൂടെ കുറക്കാനായി. ഈ ദൗത്യത്തിന് വെറും 16 മിനിറ്റ് മാത്രമാണ് വേണ്ടി വന്നത്. എന്നാൽ, ഇടതൂർന്നതും മുള്ളുകൾ നിറഞ്ഞതുമായ വാഴക്കുളം പൈനാപ്പിൾ കൃഷിയിൽ സാധാരണ രീതിയിൽ തൊഴിലാളികളെ വെച്ച് വളപ്രയോഗം നടത്തുന്നതിന് മൂന്ന് ദിവസം ആവശ്യമാണ്.

തൊഴിൽദിനങ്ങൾ ഗണ്യമായി കുറച്ചും വളർച്ചാക്ഷമത കൂട്ടിയും വാഴക്കുളം പൈനാപ്പിളിന്റെ ഉൽപാദന ചിലവ് കുറക്കാൻ ഡ്രോൺ സാങ്കേതികവിദ്യക്ക് കഴിയുമെന്ന് പ്രദർശനത്തിൽ ബോധ്യമായി. കൂടുതൽ മേഖലകളിൽ സമാനരീതിയിൽ ഡ്രോ!ൺ പ്രദർശനം നടത്താൻ കെവികെക്ക് പദ്ധതിയുണ്ട്. പൈനാപ്പിൾ കർഷകർക്കിടയിൽ ഡ്രോ!ൺ സാങ്കേതികവിദ്യക്ക് പ്രചാരമുണ്ടാക്കുകയാണ് പ്രദശനത്തിലൂടെ ലക്ഷ്യമിടുന്നത്. സാങ്കേതികവിദ്യയുടെ പ്രായോഗിക നേട്ടങ്ങൾ വിലയിരുത്തുന്നതിന് കർഷകരുടെ അഭിപ്രായം ശേഖരിക്കുമെന്ന് കെവികെ മേധാവി ഡോ ഷിനോജ് സുബ്രമണ്യൻ പറഞ്ഞു. പൈനാപ്പിൾകൃഷിയിലോ നെൽകൃഷിയിലോ ഡ്രോൺ ഉപയോഗിക്കാൻ താൽപ്പര്യമുള്ള കർഷകർക്ക് കെവികെയെ ബന്ധപ്പെടാം. ഫോൺ 9400257798.

# വി ബിസിനസ് ഈസി പ്ലസ് അവതരിപ്പിച്ചു

**കൊച്ചി:** വി ബിസിനസ് കോർപറേറ്റ് പോസ്റ്റ് പെയ്ഡ് ഉപഭോക്താക്കൾക്ക് അന്താരാഷ്ട്ര റോമിങ്, ഒടിടി സബ്സ്ക്രിപ്ഷൻ തുടങ്ങിയ വ്യക്തിഗത ആവശ്യങ്ങൾ തെരഞ്ഞെടുക്കാൻ അവസരം നൽകിക്കൊണ്ട് വോഡഫോൺ ഐഡിയയുടെ സംരംഭക വിഭാഗമായ വി ബിസിനസ് ഈസി പ്ലസ് സേവനങ്ങൾ അവതരിപ്പിച്ചു. വി ആപ്പ് ഡൗൺലോഡു ചെയ്ത് ഈ സേവനം പ്രയോജനപ്പെടുത്താം. കോർപറേറ്റ് പോസ്റ്റ് പെയ്ഡ് പദ്ധതികളുള്ള ജീവനക്കാർക്ക് തങ്ങളുടെ താൽപര്യമനുസരിച്ചുള്ള സേവനങ്ങൾ തടസങ്ങളില്ലാതെ വാങ്ങാൻ ഇതു സഹായകമാകും. മാറ്റങ്ങൾക്കു നേതൃത്വം നൽകുന്നതായിരിക്കും വി ബിസിനസ് അവതരിപ്പിക്കുന്ന ഈസി പ്ലസ് എന്ന് എൻറർപ്രൈസ് മൊബിലിറ്റി ബിസിനസ് ആൻറ് മാർക്കറ്റിങ് വിഭാഗം എക്സിക്യൂട്ടീവ് വൈസ് പ്രസിഡൻറ് റോറിച്ച് കൗശൽ പറഞ്ഞു. ഒടിടി സബ്സ്ക്രിപ്ഷനുകൾ, അന്താരാഷ്ട്ര റോമിങ്, ഡാറ്റാ പാക്കുകൾ തുടങ്ങിയവ വാങ്ങാനും വിവിധ മൊബൈൽ നമ്പറുകൾ കൈകാര്യം ചെയ്യാനുമുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കാനും ഇതു സഹായകമാകുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.ഇൻറർനാഷണൽ റോമിംഗ് ഉപഭോക്താക്കൾക്ക് 29 രാജ്യങ്ങളിലായി വ്യക്തിഗത യാത്രയ്ക്കായി അന്താരാഷ്ട്ര റോമിംഗ് പായ്ക്കുകൾ എളുപ്പത്തിൽ വാങ്ങാം. 24 മണിക്കൂർ, 10 ദിവസം, 14 ദിവസത്തെ വാലിഡിറ്റി പായ്ക്കുകൾ 749 രൂപ മുതൽ 4999 രൂപ വരെ.

# 2024ലെ ജനപ്രിയ ഇന്ത്യൻ സിനിമകളും വെബ് സീരീസുകളും പ്രഖ്യാപിച്ച് ഐഎംഡിബി

**കൊച്ചി:** സിനിമകൾ, ടിവി ഷോകൾ, സെലിബ്രിറ്റികൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾക്കായുള്ള ലോകത്തിലെ ഏറ്റവും ജനപ്രിയവും ആധികാരികവുമായ ഉറവിടമായ ഐഎംഡിബി(www.imdb.com), 2024ൽ ലോകമെമ്പാടുമുള്ള ഐഎംഡിബി

ഉപഭോക്താക്കൾക്കിടയിൽ ഏറ്റവും ജനപ്രിയമായ 10 ഇന്ത്യൻ സിനിമകളുടേയും 10 വെബ് സീരീസുകളുടേയും പട്ടിക പ്രഖ്യാപിച്ചു.കൽക്കി 2898 എഡി യാണ് 2024 ലെ ഏറ്റവും ജനപ്രിയ ഇന്ത്യൻ സിനിമ. 2024 ലെ ഏറ്റവും ജനപ്രിയ ഇന്ത്യൻ വെബ് സീരീസായി പട്ടികയിലുള്ളത് ഹീരാമണ്ഡി: ഡയമണ്ട് ബസാറാണ്. മലയാള ചിത്രമായ മഞ്ഞുമ്മൽ ബോയ്സും പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്.

കൽക്കി 2898 എ.ഡി, സ്ത്രീ 2: സർകതേ കാ ആതങ്ക്, മഹാരാജാ, ശൈത്താൻ, ഫൈറ്റർ, മഞ്ഞുമ്മൽ ബോയ്സ്, ഭൂൽ ഭുലയ്യ 3, കിൽ, സിംഗം എഗെയ്ൻ, ലാപത ലേഡീസ് എന്നിവയാണ് ഐഎംഎംഡിബിയുടെ 2024ലെ ഏറ്റവും ജനപ്രിയമായ 10 ഇന്ത്യൻ സിനിമകൾ.ഹീരമാണ്ടി: ഡയമണ്ട് ബസാർ, മിർസാപൂർ, പഞ്ചായത്ത്, ദി ഗ്രേറ്റ് ഇന്ത്യൻ കപിൽ ഷോ തുടങ്ങിയവയാണ് ഏറ്റവും ജനപ്രിയമായ ഇന്ത്യൻ വെബ് സീരീസുകളുടെ പട്ടികയിലുള്ളത്.

സിനിമയെ ഇരുകൈയ്യും നീട്ടി സ്വീകരിച്ച അസാമാന്യ പ്രേക്ഷകരുടെ പിന്തുണയ്ക്ക് കൽക്കി 2898എഡിയുടെ സംവിധായകൻ നാഗ് അശ്വിൻ നന്ദി പറഞ്ഞു.

ഇന്ത്യയിലും ലോകമെമ്പാടുമുള്ള പ്രേക്ഷകരിലേക്ക് ഇനിയും അവിസ്മരണീയമായ കഥകൾ എത്തിക്കാൻ തയ്യാറായി ഞങ്ങൾ 2025നെ പുതിയ ആവേശത്തോടെ കാത്തിരിക്കുന്നുവെന്ന് നെറ്റ്ഫ്ലിക്സ് ഇന്ത്യയുടെ സീരീസ് മേധാവി തന്യാ ബാമി പറഞ്ഞു.

